പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

## ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

## (FOOD, CIVIL SUPPLIES AND CO-OPERATION)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2017 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31st MARCH, 2017)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2017 ആഗസ്റ്റ് 23-ാം തീയതി സമർപ്പിച്ചത്

(Presented on 23rd August, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി XI

# (SUBJECT COMMITTEE XI)

# ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും

# (FOOD, CIVIL SUPPLIES AND CO-OPERATION)

## പീരിയോഡിക്കൽ റിപ്പോർട്ട്

(2017 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31st MARCH, 2017)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239 (1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

1339/2017.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | .. v |
| അവതാരിക | .. vii |
| റിപ്പോർട്ട് | .. 1 |
| അനുബന്ധം | .. 24 |

# സബ്ജക്ട് കമ്മിറ്റി XI

## (ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും)

## (2016-2018)

### ഘടന

ചെയർമാൻ :

ശ്രീ. കടകംപള്ളി സുരേന്ദ്രൻ,
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം:

ശ്രീ. പി. തിലോത്തമൻ,
ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ:

ശ്രീ. അബ്ദുൽ ഹമീദ്. പി.

ശ്രീ. അനൂപ് ജേക്കബ്

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ജോർജ് എം. തോമസ്

ശ്രീ. പി. സി. ജോർജ്

ശ്രീ. വി. ജോയി

ശ്രീ. മുഹമ്മദ് മുഹസിൻ പി.

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീമതി പി. കെ. ഗിരിജ, സ്പെഷ്യൽ സെക്രട്ടറി

ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 1-4-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ 7-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 26 (ഭാഗം2)പ്രകാരം ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI (2016-2018) 2016 ജൂലൈ 5-ാം തീയതി നിലവിൽ വന്നു. സമിതി നിലവിൽ വന്നപ്പോൾ സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയായ ശ്രീ. എ. സി. മൊയ്തീൻ ചെയർമാനും, ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ എക്സ്-ഓഫീഷ്യോ അംഗവും മറ്റ് 9 എം.എൽ.എ.മാർ അംഗങ്ങളുമായിരുന്നു. എന്നാൽ മന്ത്രിസഭ പുനഃസംഘടനയെത്തുടർന്ന് 2016 ഡിസംബർ 17-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 137(ഭാഗം 2) പ്രകാരം സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ സമിതിയുടെ ചെയർമാനായി. സമിതി 2016 ഏപ്രിൽ മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2016-17 കാലയളവിൽ സമിതി ആകെ 8 യോഗങ്ങൾ ചേർന്നു. ഇതിൽ 26-7-2016, 4-8-2016 എന്നീ തീയതികളിൽ യോഗങ്ങൾ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളിൽ XXVII (സഹകരണം) XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) XXX (ഭക്ഷ്യം) എന്നീ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്കുവേണ്ടിയും 10-8-2016-ലെ യോഗം 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് അംഗീകരിക്കുന്നതിനുവേണ്ടിയും 19-9-2016, 25-10-2016, 31-1-2017 എന്നീ തീയതികളിലെ യോഗങ്ങൾ വിവിധ വർഷങ്ങളിലെ സമിതി റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ വകുപ്പുകൾ സ്വീകരിച്ച നടപടികളെ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ, 2015-16 സാമ്പത്തിക വർഷത്തെ പീരിയോഡിക്കൽ റിപ്പോർട്ട്, ആക്ഷൻ ടേക്കൺ റിപ്പോർട്ട്, സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ അവശ്യമരുന്നുകളുടെ ലഭ്യത എന്ന വിഷയം, കരട് ചട്ടം എന്നിവ പരിഗണിക്കുന്നതിനും 23-3-2017, 29-3-2017 എന്നീ തീയതികളിലെ യോഗം 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളിലെ XXVII (സഹകരണം), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XXX (ഭക്ഷ്യം) എന്നീ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കുമാണ് ചേർന്നത്. യോഗങ്ങളിലെ ശരാശരി ഹാജർ നില 72% ആയിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഒന്നാം അദ്ധ്യായത്തിന്റെ ആദ്യ ഭാഗത്ത് 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും സമിതിയുടെ 2015-16-ലെ പീരിയോഡിക്കൽ റിപ്പോർട്ട്, 2015-16-ലെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങളും, രണ്ടാം ഭാഗത്ത് ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശിപാർശകളും അവയ്ക്ക് സർക്കാരിൽ നിന്ന് ലഭിച്ച മറുപടികളും ഉൾപ്പെടുത്തിയിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഈ റിപ്പോർട്ട് 2017 ആഗസ്റ്റ് 21-ാം തീയതി ചേർന്ന സമിതിയോഗം അംഗീകരിച്ചു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
സബ്ജക്ട്കമ്മിറ്റി *XI.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 21.

# റിപ്പോർട്ട്

## അദ്ധ്യായം I

### ഭാഗം - 1

(എ) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXVII(സഹകരണം), ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XXX (ഭക്ഷ്യം) എന്നിവയുടെ സൂക്ഷ്മ പരിശോധന 26-7-2016, 4-8-2016 എന്നീ തീയതികളിൽ നടത്തുകയും 2016-17 വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് 10-8-2016-ലെ യോഗത്തിൽ ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും 26-9-2016-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ബി) 2015 ഏപ്രിൽ മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിലെ സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ പ്രവർത്തനം സംബന്ധിച്ച പീരിയോഡിക്കൽ റിപ്പോർട്ട് 19-9-2016-ൽ ചേർന്ന സമിതിയോഗം അംഗീകരിക്കുകയും 20-10-2016-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(സി) സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 25-10-2016-ൽ ചേർന്ന സമിതി ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും 31-10-2016-ൽ സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XI-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന നമ്പർ XXVII(സഹകരണം), ധനാഭ്യർത്ഥന നമ്പർ XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ), XXX (ഭക്ഷ്യം) എന്നിവയുടെ സൂക്ഷ്മ പരിശോധന നടത്തി.

### ഭാഗം - 2

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശിപാർശകളിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികൾ 19-9-2016, 25-10-2016, 31-1-2017 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

1339/2017.

## സബ്ജക്ട് കമ്മിറ്റി IX-ന്റെ 2006-2007 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 10, 19 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള തുടർ നടപടി റിപ്പോർട്ട്

### സഹകരണ വകുപ്പ്

ശിപാർശ

സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ അഫിലിയേഷനുള്ള കോ-ഓപ്പറേറ്റീവ് ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ പ്രവർത്തനങ്ങൾക്ക് ഫണ്ട് നൽകുന്നതിന് ഈ ഹെഡിൽ വകയിരുത്തിയിരിക്കുന്ന 60 ലക്ഷം രൂപ പര്യാപ്തമല്ല. പുതിയ ചില കോളേജുകൾ ഈ മേഖലയിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബജറ്റ് വിഹിതം ഒരു കോടി രൂപയായി ഉയർത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇപ്പോൾ ഈ ഇനത്തിൽ ഓരോ കോളേജിനും നൽകുന്ന ധനസഹായം 10 ലക്ഷം രൂപയാണെന്നും പ്രസ്തുത തുക 30 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

സ്വീകരിച്ച നടപടി

വിദ്യാഭ്യാസ സഹകരണ സംഘങ്ങളുടെ ഓഹരി മൂലധനം 5 ലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയായി ഉയർത്തുന്നതിനായി നിലവിലെ ചട്ടം ഭേദഗതി ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശിപാർശ

ഫെഡറേഷൻ ഓഫ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് സ്ഥാപിക്കുന്നതിന് ഒരു കോടി രൂപ പുതിയതായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

കേരള സ്റ്റേറ്റ് ലേബർ കോ-ഓപ്പറേറ്റീവ്സ് ഫെഡറേഷൻ എന്ന അപ്പക്സ് സ്ഥാപനം 4491-ാം നമ്പരായി 7-8-2014-ന് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആദ്യ പൊതുയോഗം കൂടിയെങ്കിലും ഫെഡറേഷൻ പ്രവർത്തനം പൂർണ്ണമായ തോതിൽ ആരംഭിച്ചിട്ടില്ലാത്തതും മുഴുവൻ സമയ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടില്ലാത്തതുമാകുന്നു. ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് യാതൊരു പ്രൊപ്പോസലും സംഘത്തിൽ നിന്നും ലഭിച്ചിട്ടില്ലാത്തതുമാകുന്നു.

# സബ്ജക്ട് കമ്മിറ്റി XI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട്

## സഹകരണ വകുപ്പ്

### ശിപാർശ

1. സഹകരണ വകുപ്പിന്റെ ജനറൽ വിഭാഗം ജില്ലാ ഓഫീസുകളുടെ വാടക, കഴിഞ്ഞ വർഷങ്ങളിലെ ബഡ്ജറ്റ് വിഹിതത്തിലെ അപര്യാപ്തതമൂലം 42.32 ലക്ഷം രൂപ കുടിശ്ശികയായിരിക്കുകയാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 42.32 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 1)

### സ്വീകരിച്ച നടപടി

സമിതി ശിപാർശ ചെയ്ത 42.32 ലക്ഷം രൂപയിൽ ഭവന നിർമ്മാണ ബോർഡ് വക റവന്യൂ ടവറുകളിൽ പ്രവർത്തിക്കുന്ന സഹകരണ വകുപ്പിന്റെ ആഫീസുകളുടെ വാടക കുടിശ്ശികയായി 40,22,835 രൂപ 30-4-2015-ലെ കണക്ക് പ്രകാരം നൽകുവാനുള്ളതായി ഭവന നിർമ്മാണ വകുപ്പിന്റെ 22-7-2015-ലെ 2206/ബി2/2015/ഭവനം നമ്പർ കത്തിലൂടെ അറിയിച്ചിരുന്നു. കൂടാതെ ടി തുക അനുവദിച്ച് കിട്ടുന്നതിനായി സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് (എസ്.ഡി.ജി.) പ്രൊപ്പോസൽ സമർപ്പിക്കുവാനും മേൽ കത്തിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ ചങ്ങനാശ്ശേരി റവന്യൂ ടവറിൽ സഹകരണ വകുപ്പിന്റെ ആഫീസ് പ്രവർത്തിക്കുന്നില്ലാത്തതിനാൽ, ടി ആഫീസിന്റെ വാടക കുടിശ്ശികയായ 30,42,702 രൂപ കഴിച്ചുള്ള 9,81,000 രൂപ 2015-16 വർഷത്തിൽ അന്തിമ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ലഭിച്ചില്ല. സമിതി നിർദ്ദേശിച്ച 42.32 ലക്ഷം രൂപയിൽ, മേൽ 9.81 ലക്ഷം രൂപ കഴിച്ചുള്ള 32.51 ലക്ഷം രൂപ അഡീഷണൽ ആതറൈസേഷൻ വഴി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

2016-17 ലെ ബഡ്ജറ്റ് വിഹിതമായ 20.00 ലക്ഷം രൂപയ്ക്ക് പുറമെ ഭവന നിർമ്മാണ ബോർഡിന്റെ കീഴിലുള്ള അടൂർ, തിരുവല്ല, നെടുമങ്ങാട് എന്നീ റവന്യൂ ടവറുകളിൽ പ്രവർത്തിക്കുന്ന ആഫീസുകളുടെ 31-4-2016 വരെയുള്ള വാടക കുടിശ്ശികയായ 20,30,781 രൂപ 2425-001-98-06 ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം വകയിരുത്തുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭിച്ചില്ല.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

ശിപാർശ

2. സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, നൂതന കണക്കെടുപ്പ് സമ്പ്രദായം, പദ്ധതി തയ്യാറാക്കൽ, വിലയിരുത്തൽ എന്നിവ ഉൾപ്പെടെ ഭരണ സംവിധാനത്തെ കുറിച്ചുള്ള പരിശീലനത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് യാത്രാചെലവ് ഇനത്തിൽ തുക അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 4 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 2)

സ്വീകരിച്ച നടപടി

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി 2015-16 സാമ്പത്തിക വർഷം 2425-003-89-04-1 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 4,00,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. എന്നാൽ ടി തുക 2014-15 സാമ്പത്തിക വർഷത്തെ അപേക്ഷകൾ പരിഗണിക്കുന്നതിനുപോലും അപര്യാപ്തമാണ്. 2016-17 സാമ്പത്തിക വർഷം 2425-003-89-04-1 ശീർഷകത്തിൽ വകയിരുത്തിയിരുന്ന 4,00,000 രൂപയ്ക്കു പുറമെ 4,00,000 രൂപ അഡീഷണൽ ആതറൈസേഷൻ വഴിയും ലഭിച്ചിട്ടുണ്ട്. ടി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

ശിപാർശ

3. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനായി ഒരു പരിശീലനകേന്ദ്രം സ്ഥാപിക്കുന്നതിനും ദേശീയ സഹകരണയൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള 50% വഹിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 21 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 3)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള 71.00 ലക്ഷം രൂപ അപര്യാപ്തമായതിനാൽ കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 21.00 ലക്ഷം രൂപ അധികമായി വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

ശിപാർശ

4. തിരുവനന്തപുരത്തുള്ള സഹകരണ സംഘം ജോയിന്റ് ഡയറക്ടറുടെ ആഫീസിന്റെ മുൻവർഷത്തെ വാടക കുടിശ്ശിക നൽകുന്നതിനായി ബഡ്ജറ്റ് വിഹിതത്തിനു പുറമേ 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 4)

സ്വീകരിച്ച നടപടി

2015-16 സാമ്പത്തിക വർഷം തിരുവനന്തപുരം സഹകരണ സംഘം ജോയിന്റ് ഡയറക്ടർ ആഫീസിന്റെ വാടക കുടിശ്ശിക നൽകുന്നതിലേക്കായി 2425-101-99-06 ശീർഷകത്തിൽ അധികമായി വകയിരുത്തിയ 1,53,000 രൂപ ഉൾപ്പെടെ 3,40,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ടി ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2,00,000 രൂപ അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

ശിപാർശ

5. സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ് ഓഫീസിന്റെ ഉപയോഗത്തിനായി നൽകിയിട്ടുള്ള 2 വാഹനങ്ങളും വളരെയേറെ കാലപ്പഴക്കം ഉള്ളതാകയാൽ ഇവയുടെ അറ്റകുറ്റപ്പണി നടത്തി ഉപയോഗക്ഷമമാക്കുന്നതിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ 75,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

സ്വീകരിച്ച നടപടി

സഹകരണ ആഡിറ്റ് ഡയറക്ടറേറ്റിലെ വാഹനങ്ങളുടെ പരിപാലനത്തിനായി 2425-101-92-21-2 ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ അധിക തുക വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് ലഭ്യമായില്ല. നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന 12,000 രൂപ അപര്യാപ്തമായതിനാൽ, 1,00,000 രൂപ ടി ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ വഴി വകയിരുത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

ശിപാർശ

6. ആഡിറ്റ് കടിശ്ശിക നിവാരണ പദ്ധതി 2013-ൽ ഏർപ്പെട്ടിരുന്ന നിലവിലുള്ള ജീവനക്കാർക്കും വിരമിച്ച ജീവനക്കാർക്കും പ്രതിഫലം നൽകുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നുവെന്നും ടി പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 5.36 കോടി രൂപ ചെലവഴിച്ചതായും സമിതി മനസ്സിലാക്കുന്നു. ധനപുനർവിനിയോഗം വഴിയും അഡീഷണൽ ആതറൈസേഷൻ വഴിയും രണ്ട് ഘട്ടങ്ങളിലായി ആകെ 126.05 ലക്ഷം രൂപ ഈയിനത്തിൽ നൽകിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത പ്രതിഫലത്തിന്റെ ബാക്കി നൽകുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 4.1005 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 6)

സ്വീകരിച്ച നടപടി

ആഡിറ്റ് കടിശ്ശിക നിവാരണ പദ്ധതി 2013 നായി 2015-16 സാമ്പത്തിക വർഷത്തെ ഒന്നാം ഉപധനാഭ്യർത്ഥനയിൽ 2425-101-92-34 എന്ന ശീർഷകത്തിൽ അനുവദിച്ച 3 കോടി രൂപ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

ശിപാർശ

7. കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന ധനസഹായം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ ഈ പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേക്ക് കൂടുതൽ ധനസഹായം നൽകുന്നതിനും സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് ഉറപ്പ് നൽകുന്നതിനുള്ള നിക്ഷേപ ഉറപ്പ് പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേക്ക് സർക്കാർ വിഹിതമായി ധനസഹായം അനുവദിക്കുന്നതിനുമായി നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 6 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 7)

സ്വീകരിച്ച നടപടി

25-2-2016-ലെ സ.ഉ. (സാധാ.) നമ്പർ 144/2016/സഹ. പ്രകാരം കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതികൾക്കായി 6 കോടി രൂപ 2015-16 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

ശിപാർശ

8. 2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 2015-16-ലെ വിഹിതം ഉൾപ്പെടെ 6 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. തുടർപദ്ധതി ആയതിനാൽ ഈയിനത്തിൽ 26 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 8)

സ്വീകരിച്ച നടപടി

2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഉത്തേജന പലിശയിളവ് പദ്ധതിയ്ക്ക് ആകെ 6 കോടി രൂപ അനുവദിച്ചിരുന്നു. ഇത് ഒരു തുടർ പദ്ധതിയായിട്ടാണ് നടപ്പിലാക്കി വരുന്നത്. അനുവദിക്കുന്ന തുക ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാരിൽ നിന്നുമുള്ള ഡിമാന്റിന്റെ അടിസ്ഥാനത്തിലാണ് സംഘങ്ങൾക്ക് വീതിച്ചുനൽകുന്നത്.

പ്രസ്തുത പദ്ധതി പ്രകാരം 2015-16 വർഷം വരെ ലഭിച്ച 6 കോടി രൂപയിൽ 5,99,81,893 രൂപ ഇതിനകം സംഘങ്ങൾക്ക് പിൻവലിച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്. സമിതി ശിപാർശ ചെയ്ത 26 കോടി രൂപ 2015-16 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടില്ല

(സർക്കാർ കത്ത് നമ്പർ 9584/ബി1/2015/സഹ. തീയതി 1-8-2016)

ശിപാർശ

9. 2015-16 സാമ്പത്തിക വർഷത്തിൽ കൺസ്യൂമർ ഫെഡിന്റെ നേതൃത്വത്തിൽ നടത്തി വരുന്ന ഉത്സവ ചന്തകൾ സുഗമമായി നടത്തുന്നതിന് വേണ്ടി 15 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കൺസ്യൂമർ ഫെഡറേഷന് സർക്കാർ സബ്സിഡിയോടുകൂടി നിത്യോപയോഗ സാധനങ്ങൾ വില്പന നടത്തിയ ഇനത്തിൽ 115.4572 കോടി രൂപ ലഭിക്കുവാനുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 100.4572 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 9)

സ്വീകരിച്ച നടപടി

കൺസ്യൂമർ ഫെഡറേഷന് ഉത്സവചന്തകൾ നടത്തുന്നതിനായി 2425-108-80-33 ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതമായ 15 കോടി രൂപയ്ക്ക് പുറമേ 9-12-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 10697/2015/ധന. പ്രകാരം 25 കോടി രൂപയും, 7-8-2015-ലെ 7240/2015/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 10 കോടി രൂപയും, അഡീഷണൽ ആതറൈസേഷൻ വഴി അനുവദിച്ചിരുന്നു. ഈ ഇനത്തിൽ ആകെ ലഭ്യമായ

50 കോടി രൂപയും കൺസ്യൂമർഫെഡിന് അനുവദിച്ച നൽകിയിട്ടുണ്ട്. സബ്സിഡി ഇനത്തിൽ കൺസ്യൂമർഫെഡിന് സർക്കാർ നൽകാനുള്ള ശേഷിച്ച തുക കണക്കാക്കുന്നതിനു വേണ്ടി സർക്കാർ രൂപീകരിച്ച ഹൈലെവൽ കമ്മിറ്റി തിട്ടപ്പെടുത്തിയ 63.3583 കോടി രൂപയിൽ 10.00 കോടി രൂപ 2015-16 സാമ്പത്തിക വർഷം ആകെ അനുവദിച്ച 60.00 കോടി രൂപയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. കൂടാതെ 2016-17 സാമ്പത്തികവർഷം ടി ഇനത്തിൽ വകയിരുത്തിയിരുന്ന 18.00 കോടി രൂപയും 26-4-2016 ലെ 3841/2016/ധന., 24-6-2016-ലെ 5523/2014/ധന. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം 2425-108-80-33 ശീർഷകത്തിൽ അഡീഷണൽ ആതറൈസേഷൻ ആയി അനുവദിച്ച 17.00 കോടി രൂപയും കൺസ്യൂമർഫെഡിന് നൽകിയിട്ടുണ്ട്. കൂടാതെ 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 18 കോടി രൂപയും ടി ഇനത്തിൽ വകയിരുത്തിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

<u>ശിപാർശ</u>

10. അച്ചടി സംഘങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി സബ്സിഡി/ ഓഹരി സഹായം, ചെറുകിട വ്യവസായം ആരംഭിക്കുന്നതിനായി വനിതാ സഹകരണ സംഘങ്ങൾക്കുള്ള സഹായം, സഹകരണ സംഘങ്ങൾ നടപ്പിലാക്കിവരുന്ന മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്കുള്ള സഹായം എന്നീ പുതിയ പദ്ധതികൾക്ക് ധനസഹായം അനുവദിക്കുന്നതിനായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ സബ്സിഡിയിനത്തിൽ 2 കോടി രൂപയും ഓഹരിയിനത്തിൽ 1 കോടി രൂപയും വായ്പയിനത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 10)

<u>സ്വീകരിച്ച നടപടി</u>

ഇക്കാര്യത്തിൽ ലഭ്യമായ എല്ലാ പ്രൊപ്പോസലുകൾക്കും ധനസഹായം അനുവദിച്ചു നൽകിയിട്ടുണ്ട്. പുതിയ പദ്ധതികൾക്കുള്ള പ്രൊപ്പോസലുകളൊന്നും ലഭിക്കാതിരുന്നതിനാൽ ഈ പദ്ധതിയിൽ അധികതുക വകയിരുത്തിയിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 6482/പി.എസ്1/2015/സഹ. തീയതി 21-10-2016)

<u>ശിപാർശ</u>

11. ആശുപത്രി സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകുന്ന പ്രസ്തുത പദ്ധതി പ്രകാരം 3900 ലക്ഷം രൂപ വകയിരുത്തണമെന്ന് അപേക്ഷിച്ചിരുന്നുവെങ്കിലും 1800 ലക്ഷം രൂപ മാത്രമാണ്

ഓഹരി, വായ്പ ഇനങ്ങളിൽ അനുവദിച്ചിട്ടുള്ളത് എന്ന് സമിതി മനസ്സിലാക്കുന്നു. എൻ.സി.ഡി.സി ധനസഹായം ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നതുമായ പ്രോജക്ടുകൾക്ക് രണ്ടാം ഗഡു ധനസഹായം അനുവദിക്കുന്നതിനും 2015-16 സാമ്പത്തിക വർഷത്തിൽ പുതുതായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത പദ്ധതിയിനത്തിൽ ആകെ 2100 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 11)

സ്വീകരിച്ച നടപടി

ഈ പദ്ധതിയിൽ ആദ്യം ഭരണാനുമതി നൽകിയ പ്രൊപ്പോസലുകൾക്ക് 2015-16 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും തുക അനുവദിച്ചു നൽകിയിട്ടുണ്ട്. 6425-108-19 എന്ന ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം പൂർണ്ണമായും വിനിയോഗിച്ചിരുന്നു. തുടർന്ന് 85.13 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ധനപുനഃക്രമീകരണം വഴി കണ്ടെത്തുന്നതിന് ശ്രമിച്ചിരുന്നുവെങ്കിലും കഴിഞ്ഞിരുന്നില്ല.

(സർക്കാർ കത്ത് നമ്പർ 6482/പി.എസ്1/2015/സഹ. തീയതി 21-10-2016)

ശിപാർശ

12. കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപ തുകയുടെ 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. ഈയിനത്തിൽ കേപ്പിന് ബാക്കി നൽകാനുണ്ടായിരുന്ന 32.69 കോടി രൂപയിൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 29.639 കോടി രൂപ നടപ്പുസാമ്പത്തിക വർഷം വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 12)

സ്വീകരിച്ച നടപടി

കേപ്പിന് നോൺ-പ്ലാൻ ഇനത്തിൽ ഗ്രാന്റായി 2425-108-47-31 ശീർഷകത്തിൽ നൽകുവാനുള്ള 29.639 കോടി രൂപയുള്ള പ്രൊപ്പോസൽ 2016-17 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

ശിപാർശ

13. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്ന മുട്ടത്തറയിലെയും വടക്കാഞ്ചേരിയിലെയും എഞ്ചിനീയറിംഗ് കോളേജുകളുടെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 10 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 13)

<u>സ്വീകരിച്ച നടപടി</u>

ഈ ഇനത്തിൽ സമിതി ശിപാർശ ചെയ്ത 10 കോടി രൂപ അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ധനവകുപ്പിന്റെ പരിഗണനയ്ക്ക് അയച്ചുവെങ്കിലും 2015-16 സാമ്പത്തിക വർഷം പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

<u>ശിപാർശ</u>

14. സഹകരണ വകുപ്പിന് ആസ്ഥാന മന്ദിരം പണിയുന്നതിന് ലഭിച്ച സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. 2014-15 സാമ്പത്തിക വർഷം 20 കോടി രൂപ വകയിരുത്തണമെന്ന് അപേക്ഷിച്ചിരുന്നുവെങ്കിലും 4425-00-001-99 എന്ന ശീർഷകത്തിൽ 3 കോടി രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. 27-3-2015-ലെ ജി.ഒ.(ആർറ്റി.) നമ്പർ 2856/2015/ഫിൻ. ഉത്തരവ് പ്രകാരം (2425-001-87 എന്ന സബ്സിഡി ശീർഷകം അനുവദിക്കുകയും 28-3-2015-ലെ സ. ഉ.(സാധാ.) നമ്പർ 2892/ 2015/ധന ഉത്തരവ് പ്രകാരം) 3 കോടി രൂപ സബ്സിഡി ശീർഷകത്തിലേക്ക് മാറ്റുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ആകെ ആവശ്യപ്പെട്ട 20 കോടി രൂപയിൽ 6 കോടി രൂപ കഴിച്ചുള്ള തുകയായ 14 കോടി രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന 3 കോടി രൂപയും ഉൾപ്പെടെ ആകെ 17 കോടി രൂപ 2425-001-87 എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 14)

<u>സ്വീകരിച്ച നടപടി</u>

19-12-2015-ലെ 11018/2015/ധന. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2425-001-87 എന്ന ശീർഷകത്തിൽ സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരം പണിയുന്നതിനായി 3 കോടി രൂപ 6-2-2016-ലെ സ.ഉ.(സാധാ.)നമ്പർ 1266/2016/ധന. സർക്കാർ ഉത്തരവ് പ്രകാരം അഡീഷണൽ ആതറൈസേഷൻ വഴി ലഭിച്ചിട്ടുണ്ട്. ടി തുക ധനപുനഃക്രമീകരണം വഴി ക്രമീകരിച്ചിട്ടുണ്ട്. ബാക്കി ലഭിക്കുവാനുള്ള 14 കോടി രൂപയ്ക്കുള്ള ശിപാർശ 2015-16 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചുവെങ്കിലും പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ ധനസഹായം വകയിരുത്തിയിട്ടുണ്ട്. തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

<u>സ്വീകരിച്ച നടപടി</u>

സഹകരണ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി 2014-15 വർഷത്തിൽ 3 കോടി രൂപയും 2015-16 വർഷത്തിൽ 3 കോടി രൂപയും 2425-001-87 എന്ന ശീർഷകത്തിൽ ഗ്രാന്റായി സർക്കാരിൽ നിന്നും ധനസഹായം നൽകിയിരുന്നു. വിഷയനിർണ്ണയ സമിതിയുടെ ശിപാർശ പ്രകാരം അനുവദിക്കേണ്ട 17 കോടി രൂപയിൽ 2015-16 വർഷം അനുവദിച്ച 3 കോടി രൂപ കഴിച്ച് ബാക്കി തുകയായ 14 കോടി രൂപ അധിക ധനസഹായം 2015-16 വാർഷിക പദ്ധതിയുടെ ഉപധനാഭ്യർത്ഥനയുടെ അന്തിമ ബാച്ചിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു എങ്കിലും ധനസഹായം അനുവദിച്ച നൽകിയിരുന്നില്ല. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 3 കോടി രൂപ ധനസഹായം വകയിരുത്തിയിട്ടുണ്ട്. തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

<u>ശിപാർശ</u>

15. 2015-16 സാമ്പത്തിക വർഷത്തേക്ക് തുക (ടോക്കൺ പ്രൊവിഷൻ) വകയിരുത്തിയിട്ടില്ല. പ്രസ്തുത പദ്ധതി പ്രകാരം കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 4 കോടി രൂപയുടെ സഹായം അനുവദിക്കുന്നതിന് 2014-15-ൽ സർക്കാർ അനുമതി ലഭിച്ചുവെങ്കിലും തുക എസ്.ഡി.ജി. മുഖേന വകയിരുത്താത്തതിനാൽ ബാങ്കിന് തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 4 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷത്തെ രണ്ടാം ഉപധനാഭ്യർത്ഥനയിൽ 4425-107-99-02 ശീർഷകത്തിൽ ടോക്കൺ പ്രൊവിഷൻ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ശീർഷകത്തിൽ 3.9999 കോടി രൂപയുടെ ധനപുനഃവിനിയോഗ ശിപാർശ ധന വകുപ്പിലേക്ക് സമർപ്പിച്ചിരുന്നുവെങ്കിലും പുതിയ ശീർഷകങ്ങൾ കണ്ടെത്തി പുതുക്കിയ ശിപാർശ സമർപ്പിക്കുവാൻ ധനവകുപ്പ് നിർദ്ദേശിച്ചിരുന്നു. മറ്റ് ശീർഷകങ്ങളിൽ തുക ലഭ്യമല്ലാതിരുന്നതിനാൽ 2015-16 സാമ്പത്തിക വർഷം തുക അനുവദിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

<u>ശിപാർശ</u>

16. 2015-16 സാമ്പത്തിക വർഷം തുക (ടോക്കൺ പ്രൊവിഷൻ) വകയിരുത്തിയിട്ടില്ല. ആയത് വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 16)

<u>സ്വീകരിച്ച നടപടി</u>

4425-107-98-02, 4425-107-97-02 എന്നീ ശീർഷകങ്ങളിൽ ടോക്കൺ പ്രൊവിഷൻ ഉപധനാഭ്യർത്ഥന വഴി അനുവദിക്കുന്നതിനുള്ള ശിപാർശ പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

<u>ശിപാർശ</u>

17. ബാങ്കുകളുടെ സി.ആർ.എ.ആർ. നിലവാരം വർദ്ധിപ്പിക്കുന്നതിനും ഓഹരിമൂലധന അടിസ്ഥാനം ശക്തിപ്പെടുത്തുന്നതിനുമായി ജില്ലാ സഹകരണ ബാങ്കുകൾക്കും പി.സി.എ.ആർ.ഡി.ബി. കൾക്കും അർബൻ ബാങ്കുകൾക്കും നൽകുന്ന ഓഹരി മൂലധന സഹായം അനുവദിക്കുന്നതിനും 2015-2016 വർഷത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളായ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അംഗങ്ങൾ സംഘങ്ങളിൽനിന്ന് എടുത്തിട്ടുള്ള വായ്പയുടെ പലിശ തിരിച്ചു നൽകുന്നതിനുള്ള സഹായം അനുവദിക്കുന്നതിനും ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വായ്പാ പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്നതിനായി സൊസൈറ്റികൾക്കുള്ള സഹായം അനുവദിക്കുന്നതിനും സ്വയംസഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം അനുവദിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 8 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 17)

<u>സ്വീകരിച്ച നടപടി</u>

ജില്ലാ സഹകരണ ബാങ്കുകളുടെ മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി അനുവദിച്ച ഓഹരി വിഹിതത്തിൽ നൽകാനുള്ള ബാക്കി തുകയായ 23.1010 കോടി രൂപ 2016-17 വർഷം ഉപധനാഭ്യർത്ഥന മുഖേന അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യ വകുപ്പിന് നൽകിയിട്ടുണ്ട്. അർബൻ ബാങ്കുകൾക്കും, സഹകരണ ഗ്രാമ വികസന ബാങ്കുകൾക്കുമുള്ള ഓഹരി മൂലധന സഹായം നിലവിലെ ബഡ്ജറ്റ് വിഹിതത്തിൽ അനുവദിച്ചിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അംഗങ്ങൾക്ക് പലിശ രഹിത വായ്പ അനുവദിക്കുന്നതിനായി ബഡ്ജറ്റിൽ 2425-107-80 (സബ്സിഡി ശീർഷകം) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമാണ്. ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള മേൽപദ്ധതി നടപ്പിലായിട്ടില്ല. പുതിയ പദ്ധതിക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരികയാണ്. സ്വയം സഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9586/ബി2/2015/സഹ. തീയതി 24-10-2016)

ശിപാർശ

18. സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധന പര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായ തുക വിനിയോഗിക്കുന്നതിന് തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ 2015-16 വർഷത്തിൽ ടി തുക ട്രഷറിയിൽ നിക്ഷേപിക്കുന്നതിനായി 70 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 18)

സ്വീകരിച്ച നടപടി

സംസ്ഥാന സഹകരണ ബാങ്കിന്റെ, മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി അനുവദിച്ച തുക പിൻവലിക്കുന്നതിന് തത്തുല്യമായ തുക സഹകരണ മേഖലയിൽ നിന്നും ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആരംഭിച്ച പ്രത്യേക നിക്ഷേപപദ്ധതിയിൽ 31-3-2016 വരെ ആകെ 211,06,80,339 രൂപ നിക്ഷേപിച്ചിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെ ഓഹരി വിഹിതമായ 70 കോടി രൂപ 2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. എന്നാൽ 2016-17 വർഷം ഉപധനാഭ്യർത്ഥന മുഖേന അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9586/ബി2/2015/സഹ. തീയതി 24-10-2016)

ശിപാർശ

19. സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായ തുക നൽകുന്നതിന് തത്തുല്യമായ നിക്ഷേപം സഹകരണ ബാങ്കുകൾ ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രഷറിയിൽ നിക്ഷേപിച്ച തുകയായ 106.399 കോടി രൂപ മാത്രമാണ് സർക്കാർ പിൻവലിച്ച് നൽകിയിട്ടുള്ളത്. 2015-16 വർഷത്തിൽ ബാക്കി തുക ട്രഷറിയിൽ നിക്ഷേപിക്കുന്നമുറയ്ക്ക് ജില്ലാബാങ്കുകൾക്ക് നൽകുന്നതിനായി ബാക്കി തുകയായ 23.1010 കോടി രൂപ 2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 19)

സ്വീകരിച്ച നടപടി

സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധന പര്യാപ്തത കൈവരിക്കുന്നതിനായി അനുവദിച്ച തുക പിൻവലിക്കുന്നതിന് തത്തുല്യമായ തുക സഹകരണ മേഖലയിൽ നിന്നും ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് ആരംഭിച്ച പ്രത്യേക നിക്ഷേപ പദ്ധതിയിൽ 31-3-2016 വരെ ആകെ 211,06,80,339 രൂപ നിക്ഷേപിച്ചിട്ടുണ്ട്.

അതനുസരിച്ച് സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും ഓഹരി വിഹിതത്തിൽ നൽകാനുള്ള ബാക്കി തുകയായ 23.1010 കോടി രൂപ 2015-16 വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. 2016-17 വർഷം ഉപധനാഭ്യർത്ഥന മുഖേന അനുവദിക്കുന്നതിനുള്ള ശിപാർശ ധനകാര്യവകുപ്പിന് നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 9586/ബി2/2015/സഹ. തീയതി 24-10-2016)

ശിപാർശ

20. തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 20)

സ്വീകരിച്ച നടപടി

ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി പാലക്കാട് ജില്ലയ്ക്ക് ഷെയർ ഇനത്തിൽ 5.07 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 4-3-2016-ലെ സ.ഉ.(സാധാ.) നമ്പർ 190/2016/സഹ. പ്രകാരം 1933.820 ലക്ഷം രൂപയ്ക്ക് ഭരണാനുമതി 2015-16 വർഷം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

ശിപാർശ

21. 2015-16 സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളായ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സൊസൈറ്റികൾ എടുത്ത വായ്പയുടെ പലിശ തിരിച്ചുനൽകുന്നതിനുള്ള സഹായം അനുവദിക്കുന്നതിനും ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് വായ്പാ പലിശയുടെ ഒരു ഭാഗം തിരികെ നൽകുന്നതിനായി സൊസൈറ്റികൾക്കുള്ള സഹായം അനുവദിക്കുന്നതിനും സ്വയംസഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഓഹരികളായോ സബ്സിഡിയായോ പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം അനുവദിക്കുന്നതിനും നിലവിലുള്ള ബജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ നിലവിലുള്ള ബജറ്റ് വിഹിതത്തിന് പുറമേ 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 21)

## സ്വീകരിച്ച നടപടി

സംസ്ഥാന സർക്കാരിന്റെ മിഷൻ 676 കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി ഭവനങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന പലിശരഹിത വായ്പ നൽകുന്ന പദ്ധതി പ്രഖ്യാപിച്ചിരുന്നു. സർക്കാരിന്റെ 25-3-2015-ലെ സ.ഉ.(കൈ)40/2015/സഹ. നമ്പർ ഉത്തരവ് പ്രകാരം പദ്ധതി നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ അംഗീകരിച്ച നൽകുകയുണ്ടായി. തുടർന്ന് ഇത് സംബന്ധിച്ച് സഹകരണ സംഘം രജിസ്ട്രാർ 31-12-2015-ലെ 57/2015-ാം നമ്പർ സർക്കുലർ പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഒരു അംഗത്തിന് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സഹകരണ സംഘം 20,000 രൂപ ഒരു വർഷകാലാവധിക്ക് 11% പലിശനിരക്കിൽ വായ്പ അനുവദിക്കുന്നു. അംഗങ്ങൾ വായ്പ മാത്രം തിരിച്ചടച്ചാൽ മതിയാകും. ഇതിനുള്ള പലിശ സബ്സിഡിയായി ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന ക്ലെയിം സമർപ്പിക്കുന്ന മുറയ്ക്ക് സഹകരണസംഘം രജിസ്ട്രാർ ബഡ്ജറ്റിൽ 2425-107-80 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതിവിഹിതത്തിൽ നിന്നും പിൻവലിച്ച് നൽകുന്നു. 2425-107-80 ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള (സബ്സിഡി ശീർഷകം) തുകയിൽ നിന്നാണ് പലിശ സബ്സിഡി അനുവദിക്കുന്നത്. നാളിതുവരെ 89,588 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്.

ഭവനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വായ്പാ പദ്ധതിക്ക് രൂപം നൽകിയെങ്കിലും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്ന മേൽ പദ്ധതി സംബന്ധിച്ച് ANERT മായി ബന്ധപ്പെട്ടപ്പോൾ ഇപ്പോൾ മേൽ സൗരോർജ്ജ പാനലുകൾ വഴി വൈദ്യുതി KSEB യുടെ Grid ലേക്ക് connect ചെയ്യുന്ന സംവിധാനമാണ് നിലവിലുള്ളതെന്നുമാണ് അറിയിച്ചിട്ടുള്ളത്. ആയതിനാൽ മേൽപദ്ധതി നടപ്പിലാക്കിയിട്ടില്ല. പുതിയ സ്കീം ANERT മായി ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണ്.

സ്വയംസഹായ സംഘങ്ങളിലൂടെ കാർഷിക സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്രാഥമിക കാർഷിക സംഘങ്ങൾക്ക് സഹായം അനുവദിക്കുന്ന പദ്ധതി പ്രകാരം ലഭ്യമായ അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2015-16 വർഷത്തിൽ ഓഹരിയിനത്തിലും സബ്സിഡി ഇനത്തിലും രണ്ട് സംഘങ്ങൾക്ക് തുക അനുവദിച്ചു നൽകിയിട്ടുണ്ട്.

6425-107-72 ശീർഷകത്തിൽ അധികതുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തിരുന്നുവെങ്കിലും സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രസ്തുത തുക വകയിരുത്തിയിട്ടില്ലായെന്ന് സഹകരണസംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8801/സി3/2015/സഹ. തീയതി 17-10-2016)

<u>ശിപാർശ</u>

22. നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 2.50 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 22)

<u>സ്വീകരിച്ച നടപടി</u>

ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി പാലക്കാട് ജില്ലയ്ക്ക് ലോണിനത്തിൽ 2.06 കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ഐ.സി.ഡി.പി.യുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 4-3-2016-ലെ സ.ഉ.(സാധാ.) നമ്പർ 190/2016/സഹ. പ്രകാരം 1933.820 ലക്ഷം രൂപയ്ക്ക് ഭരണാനുമതി 2015-16 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

<u>ശിപാർശ</u>

23. സഹകരണ ആശുപത്രിക്ക് നബാർഡ് 2014-15 വർഷം അനുവദിച്ച തുകയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിന് 2015-16-ൽ അനുവദിച്ചിട്ടുള്ള ഏഴ് കോടി രൂപ അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 23)

<u>സ്വീകരിച്ച നടപടി</u>

കൊല്ലം ജില്ലാ സഹകരണ ആശുപത്രിക്ക് നബാർഡ് അനുവദിച്ച തുകയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിന് 2015-16-ൽ അനുവദിച്ചിട്ടുള്ള ഏഴ് കോടി രൂപ അപര്യാപ്തമായതിനാൽ ബാക്കി 1116.184 ലക്ഷം രൂപയുടെ ശിപാർശ 2015-16 സാമ്പത്തിക വർഷത്തെ അന്തിമ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സർക്കാർ കത്ത് നമ്പർ 8797/ബി3/2015/സഹ. തീയതി 31-5-2016)

<u>ശിപാർശ</u>

24. കാർഷികോൽപ്പന്നങ്ങൾ കർഷകർക്കും ഉപഭോക്താക്കൾക്കും പ്രയോജനപ്രദമാകുംവിധം വിപണനം നടത്തുന്നതിന് വികസന ബ്ലോക്കുകൾതോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്നും ഇത്തരം സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ സമാഹരിക്കുന്നതിനും അവ

ഗുണമേന്മ നഷ്ടപ്പെടാതെ സമയബന്ധിതമായി വിപണിയിലെത്തിച്ച് വിപണനം നടത്തുന്നതിനും 5 ലക്ഷം രൂപ വരെ 3 വർഷത്തേക്ക് പലിശരഹിത വായ്പ നൽകുമെന്ന് 2014-15 ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ആയതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും ആയതിലേക്ക് 10 കോടി രൂപ വകയിരുത്തുന്നതാണെന്ന് 2014-15-ലെ ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ ടി തുക നടപ്പുസാമ്പത്തിക വർഷം പുതിയ ശീർഷകം നൽകി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

<u>സ്വീകരിച്ച നടപടി</u>

2014-15 ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയുടെ വികസനത്തിന് വിപണന സംവിധാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണെന്നതിനാൽ ഈ ലക്ഷ്യം മുൻനിർത്തി മിൽമയുടെ പ്രവർത്തന മാതൃകയിൽ കാർഷികോത്പന്നങ്ങൾ കർഷകർക്കും, ഉപഭോക്താക്കൾക്കും പ്രയോജനമാകുംവിധം വിപണനം നടത്തുന്നതിന് ആദ്യപടിയായി വികസന ബ്ലോക്കുകൾതോറും കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുമെന്നും, ടി സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ സമാഹരിക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ സമയബന്ധിതമായി വിപണിയിലെത്തിച്ച വിപണനം നടത്തുന്നതിനും സംഘാംഗങ്ങളുടെ ഉറപ്പിൻമേൽ അഞ്ചു ലക്ഷം രൂപ വരെ മൂന്നു വർഷത്തേക്ക് പലിശരഹിത വായ്പ നൽകുമെന്നും കൃത്യമായി തിരിച്ചടക്കുന്ന സംഘങ്ങൾക്ക് പൂർണ്ണമായ പലിശ സബ്സിഡി നൽകുമെന്നും ഇതിനായി 10 കോടി രൂപ വകയിരുത്തുന്നു എന്നും 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതി നടപ്പിലാക്കുന്നതിന് 25-2-2015-ലെ സ.ഉ.(സാധാ.) നമ്പർ 148/ 2015/സഹ. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ആയതിന്റെ തുടർനടപടി പ്രകാരം വികസന ബ്ലോക്കുകൾതോറും, കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള കരട് നിയമാവലി സഹകരണസംഘം രജിസ്ട്രാർ ലഭ്യമാക്കിയിരുന്നു. ആയത് അംഗീകരിച്ച നൽകുന്നതിനുള്ള നടപടികൾ 5004/സി3/2015/സഹ. നമ്പർ സർക്കാർ ഫയലിൽ പുരോഗമിച്ചുവരുന്നു.

മേൽപദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന്റെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്നും സഹകരണസംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 8801/സി3/2015/സഹ. തീയതി 17-10-2016)

ശിപാർശ

25. മാർക്കറ്റ് ഫെഡിന് 35 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയതായി പ്രഖ്യാപിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി തുക 2015-16 സാമ്പത്തിക വർഷം പുതിയ ശീർഷകം നൽകി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 25)

സ്വീകരിച്ച നടപടി

മാർക്കറ്റ്ഫെഡിന്റെ ആവശ്യത്തിനായി 2015-16 സാമ്പത്തിക വർഷം സപ്ലിമെന്ററി ഡിമാന്റ് ഫോർ ഗ്രാന്റ് (എസ്.ഡി.ജി.)-ൽ ഉൾപ്പെടുത്തി തുക ലഭ്യമാകാത്തതിനാലും, റീ അപ്രോപ്രിയേഷൻ മുഖേന തുക അനുവദിക്കുന്നതിന് സേവിംഗ്സ് ഇല്ലാത്തതിനാലും 2016-17 സാമ്പത്തിക വർഷം ടി വിഷയം പരിഗണിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സർക്കാർ കത്ത് നമ്പർ 8798/എ 2/2015/സഹ. തീയതി 24-10-2016)

## ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

ശിപാർശ

26. പത്തനംതിട്ട ജില്ലയിലെ കോന്നി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിനോട് അനുബന്ധിച്ചുള്ള ഭക്ഷ്യ ഗുണനിലവാര നിരീക്ഷണ ലബോറട്ടറിയുടെ ശാക്തീകരണം, ഔഷധ പരിശോധന ലബോറട്ടറി സ്ഥാപിക്കൽ, എറണാകുളത്ത് ശീതീകരണ സംഭരണിയും പച്ചക്കറി-പഴവർഗ്ഗങ്ങളുടെ നിർജ്ജലീകരണ യൂണിറ്റും സ്ഥാപിക്കൽ എന്നിവയ്ക്കു വേണ്ടിയാണ് നടപ്പു സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ്, ഫുഡ് പാർക്ക്, പച്ചക്കറി-പഴവർഗ്ഗങ്ങളുടെ നിർജ്ജലീകരണ യൂണിറ്റ് എന്നിവയുടെ പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 14.65 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 26)

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന് 2408-01-004-99 എന്ന ശീർഷകത്തിൽ 5.50 കോടി രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിരുന്നു. നിലവിലുള്ള പരിമിതമായ വിഭവ ലഭ്യതയുടെ പശ്ചാത്തലത്തിൽ

പദ്ധതി അടങ്കലിൽ വർദ്ധനവ് വരുത്താൻ നിർവ്വാഹമില്ലാത്തതിനാലും, കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ പദ്ധതി വിഹിതം നടപ്പ് വർഷം വർദ്ധിപ്പിച്ചതിനാലും പ്രവർത്തന ചെലവുകൾ നിലവിലെ പദ്ധതി വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തേണ്ടതാണെന്ന് ധനവകുപ്പ് അറിയിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 4147/സി2/2015/ഭ.സി.സ.വ. തീയതി 13-11-2015)

ശിപാർശ

27. 2015-16 സാമ്പത്തിക വർഷം ഭക്ഷ്യ സബ്സിഡി നൽകുന്നതിന് 438.24 കോടി രൂപയും റേഷൻ മൊത്ത/ചില്ലറ വ്യാപാരികളുടെ കമ്മീഷൻ നൽകുന്നതിനായി 97.78 കോടി രൂപയും 2014-15 സാമ്പത്തിക വർഷം റേഷൻ വ്യാപാരികൾക്കുള്ള പ്രതീക്ഷിത കുടിശ്ശിക നൽകുന്നതിന് 31.85 കോടി രൂപയും 2014-15 സാമ്പത്തിക വർഷം സപ്ലൈകോയ്ക്കുള്ള കുടിശ്ശിക നൽകുന്നതിന് 30.49 കോടി രൂപയും ഉൾപ്പെടെ ആകെ 598.36 കോടി രൂപ ആവശ്യമുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 148.79 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 27)

സ്വീകരിച്ച നടപടി

പ്രസ്തുത ശീർഷകത്തിലെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 449.57 കോടി രൂപയാണ്. ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2015 ഏപ്രിൽ മുതൽ അഡ്ഹോക് വിഹിതം ലഭ്യമായി തുടങ്ങിയതിന് ശേഷം അതിനാവശ്യമായ തുക കൂടി ഉൾപ്പെടുത്തി പ്രസ്തുത ശീർഷകത്തിൽ 242.3195 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ 2015-16 സാമ്പത്തിക വർഷത്തെ ഒന്നാം വട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി സമർപ്പിച്ചിരുന്നുവെങ്കിലും തുകയൊന്നും അനുവദിച്ച് കിട്ടുകയുണ്ടായില്ല. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ 449.57 കോടി രൂപയിൽ നിന്നും ഇതുവരെയായി 237.4476 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 240908/ഡി2/2015/ഭ.പൊ.വി.വ. തീയതി 21-11-2015)

അധികവിവരം

പ്രസ്തുത ശീർഷകത്തിലെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 449.57 കോടി രൂപയാണ്. ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 242.3195 കോടി രൂപ അധികമായി അനുവദിക്കണമെന്ന

ശിപാർശ 2015-16 സാമ്പത്തിക വർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിലും 99.3803 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ രണ്ടാംവട്ട ഉപധനാഭ്യർത്ഥന, അവസാനവട്ട ഉപധനാഭ്യർത്ഥന എന്നിവയിലും ഉൾപ്പെടുത്തി സമർപ്പിച്ചുവെങ്കിലും 50 കോടി രൂപ മാത്രമാണ് അവസാനവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം ലഭ്യമായത്.

പ്രസ്തുത ശീർഷകത്തിൽ 267.3803 കോടി രൂപയ്ക്ക് അഡീഷണൽ ആതറൈസേഷൻ മുഖാന്തരം അപേക്ഷിച്ചുവെങ്കിലും 168 കോടി രൂപ മാത്രമാണ് അനുവദിച്ച് കിട്ടിയത്.

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ വകയിരുത്തിയ 667.57 കോടി രൂപയിൽ (ബഡ്ജറ്റ് വിഹിതം = 449.57 കോടി + ഉപധനാഭ്യർത്ഥന മുഖാന്തരം ലഭ്യമായ തുക = 50 കോടി + അഡീഷണൽ ആതറൈസേഷൻ മുഖാന്തരം ലഭ്യമായ തുക= 168 കോടി) നിന്നും ഇതുവരെയായി 613.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 183/ഡി2/2016/ഭ.പൊ.വി.വ. തീയതി 15-3-2016)

<u>ശിപാർശ</u>

28. പ്രസ്തുത പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്ന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ് മുതലായവ സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. ഇതിനു പുറമേ റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ ക്വിന്റലിന് പരമാവധി 100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2,50,260 മെട്രിക് ടൺ അരിയാണ് ഒരു വർഷം അനുവദിക്കുന്നത്. ഇതുപ്രകാരം 2015-16 സാമ്പത്തിക വർഷം റേഷൻ മൊത്ത വ്യാപാരികൾക്ക് 9,40,56,000 രൂപയും റേഷൻ ചില്ലറ വ്യാപാരികൾക്ക് 20,64,65,000 രൂപയും കമ്മീഷൻ ഇനത്തിൽ നൽകേണ്ടതുണ്ട്. കൂടാതെ 14,20,23,000 രൂപ മുൻവർഷത്തെ കുടിശ്ശികയായും നൽകേണ്ടതുണ്ട്. എ.എ.വൈ. പദ്ധതിക്കായി ആകെ ലഭിക്കേണ്ട 44.2544 കോടി രൂപയിൽ 12 കോടി രൂപ മാത്രമാണ് ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയിരിക്കുന്നത്. ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 32.2544 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 29)

<u>സ്വീകരിച്ച നടപടി</u>

2015-16 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 12 കോടി രൂപയാണ്. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 31.5043 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ചുവെങ്കിലും പ്രസ്തുത ശീർഷകത്തിൽ 10 കോടി രൂപ മാത്രമാണ് ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം അധികമായി അനുവദിച്ച് കിട്ടിയത്.

നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ ലഭിച്ച 22 കോടി രൂപയിൽ നിന്നും ഇതുവരെ 11.7545 കോടി രൂപ ചെലവായിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 4144/ഡി1/2015/ഭ.പൊ.വി.വ. തീയതി 22-9-2015)

<u>ശിപാർശ</u>

29. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം, 2013 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനായി 33 കോടി രൂപയുടെ ഭരണാനുമതി 2014-15 സാമ്പത്തിക വർഷം ലഭ്യമായിരുന്നു. 2014-15 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ അനുവദിച്ച 13 കോടി രൂപയിൽ 12 കോടി രൂപ നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനായി വിനിയോഗിക്കുകയും ബാക്കി 1 കോടി രൂപ റേഷൻ കാർഡുകൾ അച്ചടിച്ച് നൽകിയ വകയിൽ സി-ഡിറ്റിന് നൽകാനുള്ള കുടിശ്ശിക നൽകുന്നതിനായി വിനിയോഗിക്കുകയും ചെയ്തു. ഭരണാനുമതി ലഭിച്ച 33 കോടി രൂപയിൽ 2014-15 സാമ്പത്തിക വർഷം ലഭ്യമായ 12 കോടി രൂപയും 2015-16 സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 1 കോടി രൂപയും ഉൾപ്പെടെ 13 കോടി രൂപ മാത്രമാണ് ആകെ ലഭ്യമായിട്ടുള്ളത്. ആയതിനാൽ ബാക്കി 20 കോടി രൂപ അനുവദിച്ച് കിട്ടേണ്ടതുണ്ട്.

റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് ഫോട്ടോ ക്യാമ്പുകൾ സംഘടിപ്പിക്കൽ, മൊബൈൽ ഫോട്ടോ യൂണിറ്റ്, റേഷൻ കാർഡുകൾ അച്ചടിച്ച് ലാമിനേറ്റ് ചെയ്ത് ഓഫീസുകളിൽ എത്തിക്കുന്നതിനുള്ള ചെലവ്, ഡാറ്റാ എൻട്രി, സോഷ്യൽ ഓഡിറ്റിംഗ്, പരസ്യം, സി-ഡിറ്റ്/കെൽട്രോൺ എന്നിവയ്ക്കുള്ള കുടിശ്ശിക തുടങ്ങിയ ഇനങ്ങളിലായി ആകെ 28.2402 കോടി രൂപയും ഭരണാനുമതി ലഭിച്ച 33 കോടി രൂപയിൽ ബാക്കി ലഭിക്കുവാനുള്ള 20 കോടി രൂപയും ഉൾപ്പെടെ ആകെ 48.2402 കോടി രൂപ ബഡ്ജറ്റ് വിഹിതത്തിന് പുറമേ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 31, 32)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത ശീർഷകത്തിലെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 1 കോടി രൂപയാണ്. ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 22.35 കോടി രൂപ അധികമായി അനുവദിക്കണമെന്ന ശിപാർശ 2015-16 സാമ്പത്തിക വർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും 20 കോടി രൂപയാണ് ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം അധികമായി അനുവദിച്ച് കിട്ടിയത്.

(സർക്കാർ കത്ത് നമ്പർ 236818/ബി3/2015/ഭ.സി.സ.വ. തീയതി 18-11-2015)

<u>അധികവിവരം</u>

പ്രസ്തുത ശീർഷകത്തിലെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം 1 കോടി രൂപയാണ്. ബഹു. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ശീർഷകത്തിൽ 2015-16 സാമ്പത്തിക വർഷത്തെ ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം 22.35 കോടി രൂപയും അവസാനവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം 24.80

കോടി രൂപയും അധികമായി അനുവദിക്കണമെന്ന ശിപാർശ സമർപ്പിച്ചുവെങ്കിലും പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപ മാത്രമാണ് ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം അധികമായി അനുവദിച്ചു കിട്ടിയത്. നടപ്പു സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ ആകെ ലഭിച്ച 21 കോടി രൂപയിൽ നിന്നും ഇതുവരെയായി 19.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നമ്പർ 185/ബി3/2016/ഭ.സി.സ.വ. തീയതി 5-3-2016)

## ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2016-17)

### ശിപാർശ

അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ് മുതലായവ വഹിക്കുന്നതിനാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്. റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 23-1-2016-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 1-1-2015-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 100 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ആകെ 36.7048 കോടി രൂപ കമ്മീഷൻ ഇനത്തിൽ മാത്രം നല്കേണ്ടതുണ്ട്. ഇതിനു പുറമെ 16.1868 കോടി രൂപ മുൻ വർഷത്തെ കുടിശ്ശിക ഇനത്തിലും നൽകേണ്ടതുണ്ട്. ഈ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 13.20 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ 39.6916 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 24)

### സ്വീകരിച്ച നടപടി

2016-17 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം 13.20 കോടി രൂപയാണ്. നിയമസഭാ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 39.6916 കോടി രൂപ ഉപധനാഭ്യർത്ഥന മുഖേന ലഭ്യമാക്കുവാൻ അഭ്യർത്ഥിച്ചുവെങ്കിലും പ്രസ്തുത ശീർഷകത്തിൽ 20 കോടി രൂപയാണ് ഒന്നാംവട്ട ഉപധനാഭ്യർത്ഥന മുഖാന്തരം അധികമായി അനുവദിച്ചു കിട്ടിയിട്ടുള്ളത്.

### അദ്ധ്യായം II

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ

അവശ്യമരുന്നുകളുടെ ലഭ്യത എന്ന വിഷയം സമിതിയുടെ 31-1-2017-ൽ ചേർന്ന യോഗത്തിൽ പരിഗണിക്കുകയും ഇത് സംബന്ധിച്ച് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് ലഭ്യമാക്കിയ മെഡിക്കൽ സ്റ്റോറുകളുടെ ഘടന, പ്രവർത്തനം എന്നിവ ഉൾപ്പെട്ട വിശദമായ റിപ്പോർട്ട് പരിശോധിക്കുകയും ചെയ്തു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് വിശദമായ ഒരു ചോദ്യാവലി തയ്യാറാക്കി ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പിന് അയച്ചുകൊടുത്ത് മറുപടി ആവശ്യപ്പെടുന്നതിന് നിർദ്ദേശിക്കുകയും ചെയ്തു.

ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച സമിതി ഭക്ഷ്യപൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽ നിന്ന് ലഭിച്ച കുറിപ്പ് പരിശോധിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും കരട് ചട്ടത്തിന്റെ പകർപ്പ് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു.

## അദ്ധ്യായം III

## ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

(എ) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന സഹകരണ വകുപ്പിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. സി. മൊയ്തീൻ 10-10-2016-ൽ സഭയിൽ സമർപ്പിച്ചു.

(ബി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (6) പ്രകാരം ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന ഭക്ഷ്യ പൊതുവിതരണ ഉപഭോകതൃകാര്യ വകുപ്പിന്റെ 2015-16 വർഷത്തെ വാർഷിക പ്രവർത്തന റിപ്പോർട്ട് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി ശ്രീ. പി. തിലോത്തമൻ 9-3-2017-ൽ സഭയിൽ സമർപ്പിച്ചു.

കടകംപള്ളി സുരേന്ദ്രൻ,
*ചെയർമാൻ,*
സബ്ജക്ട്കമ്മിറ്റി *XI.*

തിരുവനന്തപുരം,
2017 ആഗസ്റ്റ് 21.

<u>അനുബന്ധം</u>

## 26-7-2016-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച വിഷയനിർണ്ണയ സമിതി XI, 2016 ജൂലൈ 26-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു:

<u>അംഗങ്ങൾ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
4. ശ്രീ. പി. സി. ജോർജ്, എം.എൽ.എ.
5. ശ്രീ. വി. ജോയി, എം.എൽ.എ.
6. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.
7. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
8. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീ. എൻ. എം. രവീന്ദ്രൻ, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
3. ശ്രീമതി വി. വൽസ, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
4. ശ്രീ. വി. വിജയകുമാർ, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

5. ശ്രീമതി പി. എ. ഷൈല, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്
6. ശ്രീമതി എസ്. ലളിതാംബിക, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
7. ഡോ. ആർ. ശശികുമാർ, ഡയറക്ടർ, കോ-ഓപ്പറേറ്റീവ് അക്കാദമി ഫോർ പ്രൊഫഷണൽ എഡ്യുക്കേഷൻ (കേപ്പ്)
8. ശ്രീ. വി. സനൽകുമാർ, ഡയറക്ടർ, സഹകരണ (ആഡിറ്റ്) വകുപ്പ്
9. ശ്രീ. എസ്. അശോക് കുമാർ, ഡയറക്ടർ, ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
10. ശ്രീമതി ജെ. പ്രഭാകുമാരി, ഡയറക്ടർ (പ്ലാനിംഗ്), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
11. ശ്രീമതി എ. നദീറാ ബീഗം, ഡയറക്ടർ (കൺസ്യൂമർ), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
12. ഡോ. എം. രാമനുണ്ണി, മാനേജിംഗ് ഡയറക്ടർ, കൺസ്യൂമർ ഫെഡ്
13. ശ്രീ. ജി. കെ. ശിവപ്രസാദ്, മാനേജിംഗ് ഡയറക്ടർ, മാർക്കറ്റ് ഫെഡ്
14. ശ്രീ. ജോസ് ഫിലിപ്പ്, അഡീഷണൽ രജിസ്ട്രാർ (ക്രെഡിറ്റ്), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
15. ശ്രീ. എം. വിജയകുമാർ, അഡീഷണൽ രജിസ്ട്രാർ (ജനറൽ), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
16. ശ്രീ. പി. ആർ. രാജേഷ്, അഡീഷണൽ രജിസ്ട്രാർ, കൺസ്യൂമർ ഫെഡ്
17. ശ്രീമതി ടി കാഞ്ചന, അസിസ്റ്റന്റ് രജിസ്ട്രാർ (ഫിനാൻസ്), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
18. ശ്രീമതി സോജ പ്രകാശം, അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
20. ശ്രീമതി രേഷ്മ ജി. നായർ, സീനിയർ ഇൻസ്പെക്ടർ, ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
21. ശ്രീ. ജി. ജോസ്, ജൂനിയർ ഇൻസ്പെക്ടർ, ഐ.സി.ഡി.പി.
22. ശ്രീ. വി. എസ്. സുധീഷ്, ജൂനിയർ ഇൻസ്പെക്ടർ (ഫിനാൻസ്), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
23. ശ്രീ. എ. മോബിൻ സെബാസ്റ്റ്യൻ, ഫിനാൻസ് ഓഫീസർ, കേപ്പ്.

സമിതി 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സഹകരണം എന്ന XXVII-ാം ധനാഭ്യർത്ഥന പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ പറയുന്ന നിർദ്ദേശങ്ങളും ശിപാർശകളും നൽകുകയും ചെയ്തു.

2425-00-003-89-31—<u>സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം-സഹായധന ശമ്പളം</u>

ബഡ്ജറ്റ് വിഹിതം : 71,00,000 രൂപ (പ്ലാൻ)

(1) സഹകരണ വകുപ്പിന്റെ പ്രവർത്തനങ്ങൾ, തെരഞ്ഞെടുപ്പ്, നൂതന കണക്കെടുപ്പ് സമ്പ്രദായം, പദ്ധതി തയ്യാറാക്കൽ, വിലയിരുത്തൽ എന്നിവ ഉൾപ്പെടെ ഭരണ സംവിധാനത്തെക്കുറിച്ച് ഉദ്യോഗസ്ഥർക്ക് നിരന്തര പരിശീലനം നൽകുന്നതിനായി ഒരു പരിശീലന കേന്ദ്രം സ്ഥാപിക്കുന്നതിനും, ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള ചെലവിനത്തിന്റെ 50% വഹിക്കുന്നതിനും കൂടുതൽ തുക ആവശ്യമുള്ളതിനാൽ 31 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-107-80—<u>പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 10,00,00,000 (പ്ലാൻ)

(2) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം നൽകുന്ന ധനസഹായം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ ഈ പദ്ധതിയുടെ കോർപ്പസ് ഫണ്ടിലേക്ക് സർക്കാർ വിഹിതമായി ധനസഹായം അനുവദിക്കുന്നതിന് 6 കോടി രൂപയും 2015-16 സാമ്പത്തിക വർഷം അനുവദിച്ച തുകയിൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അനുവദിക്കാൻ ബാക്കി നിൽപ്പുള്ള 226.27 ലക്ഷം രൂപയും ഉൾപ്പെടെ 826.27 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ സഹകരണ റിസ്ക് ഫണ്ട് പദ്ധതിപ്രകാരം വായ്പ എടുത്തവർ മരണപ്പെട്ടു പോയാൽ നൽകുന്ന ധനസഹായം 2 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

ഇതിനുപുറമേ കാർഷിക ആവശ്യങ്ങൾക്ക് കൈപ്പറ്റിയ വായ്പ കൃത്യമായി തിരിച്ചടക്കുന്നവർക്ക് 4% പലിശ സബ്സിഡി അനുവദിക്കുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ പ്രസ്തുത ആവശ്യത്തിലേക്കായി 70 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-001-91—സഹകരണ വകുപ്പിന്റെ നവീകരണം

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (പ്ലാൻ)

(3) സഹകരണ വകുപ്പ് പുതിയതായി പണികഴിപ്പിച്ചിട്ടുള്ള സഹകരണ ആസ്ഥാന മന്ദിരത്തിൽ കംപ്യൂട്ടർവൽക്കരണം, സോഫ്റ്റ്‌വെയറുകളുടെ വികസനം തുടങ്ങിയവയ്ക്ക് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 75 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് സഹായം നൽകുന്നതിനായി പ്രത്യേക ഐ. സി. ഡി. പി. സ്കീം ഫോർമുലേറ്റ് ചെയ്യുന്ന കാര്യം പരിഗണിച്ചു വരുകയാണെന്നും ഇത് സംബന്ധിച്ച ഒരു സ്പെഷ്യൽ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതാണെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു

6425-00-108-10—നബാർഡിന്റെ ആർ.ഐ.ഡി.എഫ്.-ന് കീഴിൽ സഹകരണ സംഘങ്ങൾക്കുള്ള വായ്പകൾ

ബഡ്ജറ്റ് വിഹിതം : 9,62,00,000 രൂപ (പ്ലാൻ)

(4) സഹകരണ ആശുപത്രിക്ക് നബാർഡ് 2014-15 വർഷം അനുവദിച്ച തുകയുടെ രണ്ടാം ഗഡു അനുവദിക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതമായ 9.62 കോടി രൂപ അപര്യാപ്തമായതിനാൽ 154.19 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-47-35—മൂലധന ആസ്തികളുടെ രൂപീകരണത്തിനുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 9,50,00,000 രൂപ (പ്ലാൻ)

(5) പത്തനാപുരത്തും വടകരയിലുമുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനും വടക്കാഞ്ചേരി, ആറന്മുള എന്നിവിടങ്ങളിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ പഠന വികസന ബ്ലോക്ക് നിർമ്മിക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 5.50 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം - സഹായ ധനം - ശമ്പളം

ബഡ്ജറ്റ് വിഹിതം : 3,50,86,000 രൂപ (നോൺ പ്ലാൻ)

(6) കേപ്പിന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപ തുകയുടെ 25% ഗ്രാന്റായി കേപ്പിന് സർക്കാർ നൽകുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. ഈയിനത്തിൽ കേപ്പിന് 29.639 കോടി രൂപ ബാക്കി നൽകാനുണ്ട്. പ്രസ്തുത തുക നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള വിഹിതത്തിന് പുറമെ 26.1304 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-37—<u>കർഷകസേവനകേന്ദ്രം</u>

ബഡ്ജറ്റ് വിഹിതം : 3,30,00,000 രൂപ (പ്ലാൻ)

4425-00-108-32—<u>കർഷകസേവനകേന്ദ്രം</u>

ബഡ്ജറ്റ് വിഹിതം : 1,70,00,000 രൂപ (പ്ലാൻ)

(7) ജൈവപച്ചക്കറികളുടെ സംസ്കരണം, ശേഖരണം, വിതരണം എന്നിവ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിനായി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ ഭാഗമായി 'സുവർണ്ണം ഷോപ്പുകൾ' ആരംഭിക്കുന്നതിന് 1 കോടി രൂപ ഓഹരി 1 കോടി രൂപ സബ്സിഡി 1:1 എന്ന അനുപാതത്തിൽ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നിലവിൽ അനുവദിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിതത്തിനു പുറമേ 2425-00-108-37 എന്ന ശീർഷകത്തിൽ 1 കോടി രൂപയും 4425-00-108-32 എന്ന ശീർഷകത്തിൽ 1 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-36—<u>കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിനുള്ള ധനസഹായം</u>

ബഡ്ജറ്റ് വിഹിതം : 1,54,00,000 രൂപ (പ്ലാൻ)

4425-00-108-30—<u>അഗ്രികൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് സഹായം</u>

ബഡ്ജറ്റ് വിഹിതം : 2,20,00,000 രൂപ (പ്ലാൻ)

6425-00-108-09—<u>അഗ്രികൾച്ചർ മാർക്കറ്റിംഗ് സെക്ടറിനെ ശക്തിപ്പെടുത്തുന്നതിന് പ്രൈമറി മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ്സിന് ലോൺ</u>

ബഡ്ജറ്റ് വിഹിതം : 66,00,000 രൂപ (പ്ലാൻ)

(8) കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിനായുള്ള ഈ പദ്ധതി പ്രകാരം വിപണന സഹകരണ സംഘങ്ങൾക്ക് മാത്രമാണ് നിലവിൽ ധനസഹായം അനുവദിച്ചു വരുന്നത്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി 2425-00-108-36 എന്ന ശീർഷകത്തിൽ 231 ലക്ഷവും 4425-00-108-30 എന്ന ശീർഷകത്തിൽ 330 ലക്ഷവും 6425-00-108-09 എന്ന ശീർഷകത്തിൽ 99 ലക്ഷവുമടക്കം 660.00 ലക്ഷം രൂപ നിലവിലുള്ള വിഹിതത്തിനു പുറമെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-107-85—<u>ജില്ലാ സഹകരണ ബാങ്കുകൾക്ക് വേണ്ടിയുള്ള ഓഹരി മൂലധന വിതരണം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

4425-00-107-86—<u>സംസ്ഥാന സഹകരണ ബാങ്കുകൾക്ക് വേണ്ടിയുള്ള മൂലധന വിതരണം</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

(9) സംസ്ഥാന സഹകരണ ബാങ്കിന്റെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മൂലധനപര്യാപ്തത നിശ്ചിത ശതമാനം പാലിക്കുന്നതിനായി സർക്കാർ അനുവദിച്ച ധനസഹായം നൽകുന്നതിന് തത്തുല്യമായ തുക സഹകരണ ബാങ്കുകൾ സർക്കാർ ട്രഷറിയിൽ നിക്ഷേപിക്കണമെന്നുള്ള സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ ബാങ്കുകൾ 199.50 കോടി രൂപ ട്രഷറിയിൽ നിക്ഷേപിച്ചിരുന്നു. ഇതിൽ 106.399 കോടി രൂപ മാത്രമാണ് സർക്കാർ പിൻവലിച്ച് നൽകിയിട്ടുള്ളതെന്നും ജില്ലാ സഹകരണ ബാങ്കിന്റെ വിഹിതമായി 23.101 കോടി രൂപയും സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതമായി 70 കോടി രൂപയും അനുവദിക്കാൻ ബാക്കിയുള്ളതിനാൽ ഈ ഇനത്തിൽ ജില്ലാ സഹകരണ ബാങ്കിന് നൽകുന്നതിന് ബാക്കിയുള്ള 23.101 കോടി രൂപയും 6 ജില്ലാ സഹകരണ ബാങ്കുകൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 30 കോടി രൂപയും ഉൾപ്പെടെ ആകെ 53.101 കോടി രൂപ 4425-00-107-85 എന്ന ശീർഷകത്തിലും സംസ്ഥാന സഹകരണ ബാങ്കിന് നൽകുന്നതിന് ബാക്കിയുള്ള 70 കോടി രൂപ 4425-00-107-86 എന്ന ശീർഷകത്തിലും വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-107-99(2)—<u>അപ്പക്സ് ബാങ്കുകൾ, സെൻട്രൽ ബാങ്കുകൾ, നിക്ഷേപങ്ങൾ - കേന്ദ്രവിഹിതം 100%</u>

ബഡ്ജറ്റ് വിഹിതം : ഇല്ല

4425-107-98(02)—അപ്പക്സ് ബാങ്കുകൾ, സെൻട്രൽ ബാങ്കുകൾ, നിക്ഷേപങ്ങൾ കേന്ദ്ര വിഹിതം 100%

ബഡ്ജറ്റ് വിഹിതം : ഇല്ല

4425-107-97(02)—അപ്പക്സ് ബാങ്കുകൾ, സെൻട്രൽ ബാങ്കുകൾ, നിക്ഷേപങ്ങൾ, കേന്ദ്ര വിഹിതം

ബഡ്ജറ്റ് വിഹിതം : ഇല്ല

(10) സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്കിന് 4 കോടി രൂപയുടെ സഹായം അനുവദിക്കുന്നതിന് 2014-15-ൽ സർക്കാർ അനുമതി ലഭിച്ചുവെങ്കിലും തുക എസ്.ഡി.ജി. മുഖേന വകയിരുത്താത്തതിനാൽ തുക അനുവദിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം 4 കോടി രൂപ 4225-00-107-99(02) എന്ന ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ 4425-00-107-98(02) എന്ന ശീർഷകത്തിൽ 1000 രൂപയും 4425-00-107-97(02) എന്ന ശീർഷകത്തിൽ 1000 രൂപയും ടോക്കൺ പ്രൊവിഷനായി വകയിരുത്തണമെന്നും സമിതി ശിപാർശ ചെയ്യു.

2425-00-108-51—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി.) പദ്ധതി

ബഡ്ജറ്റ് വിഹിതം : 1000 രൂപ (പ്ലാൻ)

4425-00-108-42—പ്രാഥമിക കാർഷിക ക്രെഡിറ്റ് സംഘങ്ങൾ, മൊത്തവില സ്റ്റോറുകൾ, ഫെഡറേഷനുകൾ തുടങ്ങിയവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി.) പദ്ധതി

ബഡ്ജറ്റ് വിഹിതം : 8,63,99,000 രൂപ (പ്ലാൻ)

6425-00-108-19—പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, ഫെഡറേഷനുകൾ എന്നിവയ്ക്കുള്ള സഹായം (എൻ.സി.ഡി.സി.) പദ്ധതി

ബഡ്ജറ്റ് വിഹിതം : 9,36,00,000 രൂപ (പ്ലാൻ)

(11) ആശുപത്രി സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുതലായവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതി പ്രകാരം എൻ.സി.ഡി.സി. ധനസഹായം ലഭിച്ചതും വിവിധ ഘട്ടങ്ങളിലായി പൂർത്തീകരിച്ചു വരുന്നതുമായ പ്രോജക്ടുകൾക്ക്

രണ്ടാം ഗഡു ധനസഹായം അനുവദിക്കുന്നതിനും 2016-17 സാമ്പത്തിക വർഷത്തിൽ പുതുതായി സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനും നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമാവില്ല. ആയതിനാൽ ഈ പദ്ധതിയിനത്തിൽ ആകെ 14.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

4425-00-108-71—<u>പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം</u>

ബഡ്ജറ്റ് വിഹിതം : 7,50,00,000 രൂപ (പ്ലാൻ)

6425-108-74—<u>സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)</u>

ബഡ്ജറ്റ് വിഹിതം : 5,00,00,000 രൂപ

(12) തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഐ.സി.ഡി.പി.യുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി 15.6573 കോടി രൂപ 4425-00-108-71 എന്ന ശീർഷകത്തിലും 14.4283 കോടി രൂപ 6425-00-108-74 എന്ന ശീർഷകത്തിലും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

## ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

താഴെപ്പറയുന്ന പുതിയ പദ്ധതികളിൽ ശീർഷകം നൽകിയിട്ടില്ലാത്തവയ്ക്ക് ശീർഷകങ്ങൾ അനുവദിച്ച് തുക വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

(13) മാർക്കറ്റ്ഫെഡിന് 35 കോടി രൂപ 2014-15 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും തുക വകയിരുത്തിയിരുന്നില്ല. ആയതിനാൽ 'കേരള സംസ്ഥാന സഹകരണ വിപണന ഫെഡറേഷൻ' എന്നതിനായി പ്രത്യേക ശീർഷകം അനുവദിച്ച് 35,00,00,000 രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു. കൂടാതെ മാർക്കറ്റ്ഫെഡ് കൊപ്ര സംഭരിച്ച ഇനത്തിൽ 124 കോടി രൂപ സർക്കാർ ഖജനാവിന് നഷ്ടം വരുത്തിയത് സംബന്ധിച്ച വിജിലൻസ് അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്ന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചു.

(14) 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കായി പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപം നൽകുന്നതിനുള്ള കമ്മിറ്റിയ്ക്ക് ധനസഹായം നൽകുന്നതിലേക്കായി 10.00 ലക്ഷം രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും തുക വകയിരുത്തിയിട്ടില്ല. ആയതിലേക്കായി 10 ലക്ഷം രൂപ "ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കായി പ്രവർത്തിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ രൂപം നൽകുന്നതിനുള്ള കമ്മിറ്റിക്ക് ധനസഹായം" എന്ന ഇനത്തിൽ പ്രത്യേകം ശീർഷകം അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-107-72-33—<u>സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുക്കുന്ന വായ്പയുടെ കൃത്യമായ തിരിച്ചടവിന് നൽകുന്ന ഉത്തേജന പലിശ ഇളവ് പദ്ധതി - സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

(15) 2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32.00 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും ഇതുവരെ 7 കോടി രൂപ മാത്രമാണ് അനുവദിച്ച് നൽകിയത്. തുടർ പദ്ധതി ആയതിനാൽ ഈ തുക പര്യാപ്തമല്ല. ആയതിനാൽ ഈയിനത്തിൽ ആകെ 26 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

2425-108-80-33—<u>ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം - സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 53,00,00,000 രൂപ

(16) കൺസ്യൂമർ ഫെഡിന്, ഉത്സവച്ചന്തകളിൽ നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടെ വിൽപ്പന നടത്തിയ ഇനത്തിൽ 150 കോടി രൂപ സർക്കാരിൽ നിന്നും ലഭിക്കുവാനുണ്ടെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 97 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

പൊതുജനങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുകയും കുറച്ചുകാലം പ്രവർത്തിച്ച ശേഷം പ്രവർത്തനം നിർത്തി നിക്ഷേപകരെയും ജീവനക്കാരെയും കബളിപ്പിക്കുന്ന തരത്തിൽ സംസ്ഥാനത്ത് ചില സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ചൂണ്ടിക്കാണിച്ച സമിതി, ഇത്തരം സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി സഹകരണ വകുപ്പിന് കീഴിൽ ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തണമെന്ന് നിർദ്ദേശിച്ചു.

സമിതി വൈകുന്നേരം 3.30-ന് യോഗം പിരിഞ്ഞു.

## 4-8-2016-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2016 ആഗസ്റ്റ് 4-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളനഹാളിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അനൂപ് ജേക്കബ്, എം. എൽ.എ.
2. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ.എ.
3. ശ്രീ. ജോർജ് എം. തോമസ്, എം. എൽ.എ.

4. ശ്രീ. പി.സി. ജോർജ്, എം. എൽ.എ.

5. ശ്രീ. വി. ജോയി, എം. എൽ.എ.

6. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം. എൽ.എ.

7. ശ്രീ. മുരളി പെരുനെല്ലി, എം. എൽ.എ.

8. ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ, എം. എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. സഞ്ജയ് കൗൾ, സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
2. ഡോ. ആശതോമസ്, ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ
3. ശ്രീ. വി. കെ. ബാഹുലേയൻ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
4. ശ്രീമതി പി. ജയശ്രീ, അഡീഷണൽ സെക്രട്ടറി, റവന്യൂ (ദേവസ്വം) വകുപ്പ്.
5. ശ്രീ. വി. കെ. ബാലകൃഷ്ണൻ, ഡയറക്ടർ, കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ
6. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
7. ശ്രീ. എം. അനിൽകുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
8. ഡോ. ബി.ആർ. പ്രസന്നകുമാർ, ചീഫ് അക്കൗണ്ട്സ് ഓഫീസർ, സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ്
9. ശ്രീ. എസ്. ജോയി, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്
10. ശ്രീ. ലിസ്റ്റൻപെരേര, മാനേജർ, കൗൺസിൽ ഫോർ ഫുഡ് റിസേർച്ച് ആന്റ് ഡെവലപ്മെന്റ്.

2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന XXX (ഭക്ഷ്യം), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) എന്നിവയുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി സമിതി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXX-ഭക്ഷ്യം

2408-01-004-99—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം : 6,00,00,000 രൂപ (പ്ലാൻ)

കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുക, ഈ ഭക്ഷ്യ ഇനങ്ങൾക്ക് അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ ഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് സ്കൂൾ, ഔഷധ പരിശോധനാ ലബോറട്ടറി, എറണാകുളത്ത് ശീതീകരണ സംഭരണിയും പച്ചക്കറി-പഴവർഗ്ഗങ്ങളുടെ നിർജ്ജലീകരണ യൂണിറ്റും, ഭക്ഷ്യപാർക്ക് എന്നിവ സ്ഥാപിക്കുക, പരിശീലന പരിപാടികൾ സംഘടിപ്പിക്കുക തുടങ്ങിയ ഭക്ഷ്യ സംസ്കരണ-മൂല്യവർദ്ധന പ്രവർത്തനങ്ങൾക്ക് വേണ്ടി നിലവിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുകയും ആയതിനാൽ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 9.35 കോടി രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യുകയും ചെയ്തു.

പിറവം മണ്ഡലത്തിലെ ഇലഞ്ഞി ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കുന്ന ഭക്ഷ്യ പാർക്കിന്റെ നിർമ്മാണ പുരോഗതി മന്ദഗതിയിലാണെന്ന് വിലയിരുത്തിയ സമിതി നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച് സ്പെഷ്യൽ സെക്രട്ടറി സമയബന്ധിതമായി പരിശോധന നടത്തണമെന്നും നിർദ്ദേശിച്ചു.

2408-01-101-95-34—<u>അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും മറ്റു ചെലവുകളും-34 മറ്റുചെലവുകൾ</u>

ബഡ്ജറ്റ് വിഹിതം : 13,20,00,000 രൂപ (നോൺ പ്ലാൻ)

അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണത്തിനുള്ള കടത്തുകൂലി, കൈകാര്യച്ചെലവ് മുതലായവ വഹിക്കുന്നതിനാണ് ഈ തുക വകയിരുത്തിയിട്ടുള്ളത്. റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 23-1-2016-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ ചില്ലറ വ്യാപാരികളുടെ

കമ്മീഷൻ 1-1-2015-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 100 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ആകെ 36.7048 കോടി രൂപ കമ്മീഷൻ ഇനത്തിൽ മാത്രം നല്കേണ്ടതുണ്ട്. ഇതിനു പുറമെ 16.1868 കോടി രൂപ മുൻ വർഷത്തെ കുടിശ്ശികയിനത്തിലും നൽകേണ്ടതുണ്ട്. ഈ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള 13.20 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഈയിനത്തിൽ 39.6916 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-102-99-33—<u>കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ</u>

ബഡ്ജറ്റ് വിഹിതം : 1,50,00,00,000 രൂപ (നോൺപ്ലാൻ)

പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നു. അവശ്യസാധനങ്ങൾക്ക് പുറമേ മരുന്നുകൾ ഉൾപ്പെടെയുള്ള മറ്റ് ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങളും ഡിസ്കൗണ്ട് നിരക്കിൽ വിതരണം ചെയ്യുന്നു. സപ്ലൈകോ നടത്തിവരുന്ന ഇത്തരം മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തികവർഷം ബഡ്ജറ്റ് വിഹിതമായി 150 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സപ്ലൈകോയുടെ വില്പനശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലുള്ള വിലകളിൽ വർദ്ധന വരുത്തുന്നതല്ലെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇത് പ്രകാരം ഈ സാമ്പത്തിക വർഷം വിപണിയിടപെടൽ പദ്ധതിക്കായി സപ്ലൈകോയ്ക്ക് 356.40 കോടി രൂപയോളം ആവശ്യമായി വരും. കൂടാതെ സംസ്ഥാനത്തെ റേഷൻ കടകൾ വഴി റേഷൻ പഞ്ചസാര മൊത്ത വിതരണം നടത്തുന്നതിന് സർക്കാരിന്റെ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് ആയതിനായി കേന്ദ്ര സബ്സിഡിയിനത്തിലും റേഷൻ വ്യാപാരികളിൽ നിന്നും ലഭിക്കുന്ന തുകയും കഴിച്ച് അധികമായി വരുന്ന സാമ്പത്തിക ബാധ്യത, ഓണക്കാലത്ത് വിതരണം നടത്തേണ്ട സ്പെഷ്യൽ പഞ്ചസാരയുടെ അധിക സാമ്പത്തിക ബാധ്യത എന്നിവയ്ക്കായി 45 കോടി രൂപയും ആവശ്യമായി വരും. ഇപ്രകാരം ആകെ 401.40 കോടി രൂപ ലഭിച്ചാൽ മാത്രമെ വിപണിയിടപെടൽ വിജയകരമാക്കാൻ സാധിക്കുകയുള്ളുവെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഈ ഇനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമെ 251.4 കോടി രൂപ കൂടി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സപ്ലൈകോ-മെഡിക്കൽ ഷോപ്പുകളിൽ പലപ്പോഴും പൊതുജനം സാധാരണയായി ഉപയോഗിച്ചുവരുന്ന ചിലയിനം മരുന്നുകളുടെ മതിയായ സ്റ്റോക്ക് ഇല്ലാതെ വരുന്നത് സാധാരണക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായുള്ള പരാതികൾ നിലവിലുണ്ടെന്നും ആയതിനാൽ ഇത്തരം മരുന്നുകളുടെ മതിയായ സ്റ്റോക്ക് ഉറപ്പുവരുത്തുന്നതിന് എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോർ ജീവനക്കാർക്കും നിർദ്ദേശം നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

2408-01-800-85—കൺസ്യൂമർ ഹെൽപ്പ് ലൈൻ (100% കേന്ദ്ര വിഹിതം)

ബഡ്ജറ്റ് വിഹിതം : 1000 രൂപ (പ്ലാൻ)

"സ്റ്റേറ്റ് കൺസ്യൂമർ ഹെൽപ്പ് ലൈൻ" പദ്ധതിയുടെ രണ്ടാം ഘട്ട ധനസഹായമായി കേന്ദ്രസർക്കാർ അനുവദിച്ച 18,60,854 രൂപ ചെലഴിക്കുന്നതിനുള്ള ഭരണാനുമതി സംസ്ഥാന സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കുന്നതിന് 'ന്യൂ സർവ്വീസ്' നടപടിക്രമം പാലിക്കുന്നതിനായി ഈ സാമ്പത്തികവർഷത്തെ ആദ്യ ബഡ്ജറ്റിൻമേലുള്ള ഭേദഗതി പത്രിക പ്രകാരം 1000 രൂപ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. ബാക്കി തുകയായ 18,59,854 രൂപ ലഭ്യമായെങ്കിൽ മാത്രമെ 'കൺസ്യൂമർ ഹെൽപ്പ് ലൈൻ' പദ്ധതി വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ആയതിനാൽ ഈ ഇനത്തിൽ 18.60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-82—പൊതുവിതരണ സമ്പ്രദായം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന്

ബഡ്ജറ്റ് വിഹിതം : ഇല്ല

പൊതുവിതരണ സമ്പ്രദായത്തിന്റെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിനായി 2014-15 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ അനുവദിച്ച 730.40 ലക്ഷം രൂപയും ആയതിന് തുല്യമായ സംസ്ഥാന വിഹിതവും കൂടി ചേർത്ത് 1460.80 ലക്ഷം രൂപയാണ് പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലായി ഇതിനായി 966.36 ലക്ഷം രൂപ ചെലവഴിക്കുകയും ബാക്കിതുകയായ 494.44 ലക്ഷം രൂപ കഴിഞ്ഞ സാമ്പത്തിക വർഷം സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും ചെയ്തിരുന്നു. ഈ സാമ്പത്തികവർഷം ഈ ശീർഷകത്തിൽ തുകയൊന്നും അനുവദിച്ചിട്ടില്ല. ആയതിനാൽ നടപ്പുസാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം സറണ്ടർ ചെയ്ത 494.44 ലക്ഷം രൂപ ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-81—വില നിരീക്ഷണ സെല്ലുകൾ 100% സി. എസ്. എസ്.

ബഡ്ജറ്റ് വിഹിതം : ഇല്ല

വിലനിരീക്ഷണ സെല്ലുകളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട് ഹാർഡ്‌വെയർ/ സോഫ്റ്റ്‌വെയർ എന്നീ ചെലവുകൾക്കായി 2015-16 സാമ്പത്തികവർഷം കേന്ദ്ര സർക്കാർ അനുവദിച്ച 10.80 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള ഭരണാനുമതി സംസ്ഥാന സർക്കാരിൽ നിന്നും ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത ശീർഷകത്തിൽ നിന്നും 84,000 രൂപ മാത്രമെ ചെലവഴിക്കാൻ സാധിച്ചുള്ളൂ. ബാക്കി തുകയായ 9.96 ലക്ഷം രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയുണ്ടായി. ഈ സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ നടപ്പ് സാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സാമ്പത്തികവർഷം സറണ്ടർ ചെയ്ത 9.96 ലക്ഷം രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-80—ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിനു കീഴിൽ വരുന്ന സംസ്ഥാന ഭക്ഷ്യകമ്മീഷൻ, ജില്ലാ പരാതി പരിഹാര ഓഫീസുകൾ

ബഡ്ജറ്റ് വിഹിതം : 1,000 രൂപ (പ്ലാൻ)

2013-ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ അദ്ധ്യായം VII പ്രകാരം പൊതുജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതി പരിഹരിക്കുന്നതിനായി സംസ്ഥാന ഭക്ഷ്യകമ്മീഷനും 10 ജില്ലാ പരാതി പരിഹാര ഓഫീസുകളും സ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഓഫീസുകളുടെ പ്രവർത്തനചെലവുകൾക്കുള്ള തുക വകകൊള്ളിക്കുന്നതിനായി 'ന്യൂ സർവ്വീസ്' നടപടിക്രമത്തിലൂടെ ലഭ്യമായ ഈ ശീർഷകത്തിൽ 6.7862 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-104-99—കേരള ഉപഭോക്തൃ ക്ഷേമനിധിയിൽ നിന്നുള്ള ഉപഭോക്തൃ ക്ഷേമ പരിപാടികൾക്കുള്ള ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 15,00,000 രൂപ (നോൺപ്ലാൻ)

രജിസ്റ്റർ ചെയ്തിട്ടുള്ള ഉപഭോക്തൃ സംരക്ഷണ സമിതി/സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടെ "1992-ലെ ഉപഭോക്തൃക്ഷേമ നിയമം" അനുസരിച്ച് കേന്ദ്രഗവൺമെന്റ് കേന്ദ്ര തലത്തിൽ രൂപീകരിച്ച ക്ഷേമനിധിയുടെ മാതൃകയിൽ സംസ്ഥാനതലത്തിലും ക്ഷേമനിധി രൂപീകരിക്കുന്നതിനാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. 2010-11 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ കൺസ്യൂമർ വെൽഫെയർ ഫണ്ട് നിധിയിലേക്ക് അനുവദിച്ച 2.5 കോടി രൂപയും 2011-12 സാമ്പത്തിക വർഷം കേന്ദ്രസർക്കാർ നൽകിയ ധനസഹായമായ 7.5 കോടി രൂപയും ഉൾപ്പെടെ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നിക്ഷേപിച്ച 10 കോടി രൂപ സ്ഥിരനിക്ഷേപത്തിൽ നിന്നും പ്രതിവർഷം 85 ലക്ഷം രൂപ പലിശയിനത്തിൽ ലഭിക്കും. പ്രസ്തുത തുക ഈ ശീർഷകത്തിൽ വകയിരുത്തി ലഭിച്ചാൽ മാത്രമെ നടപ്പ് സാമ്പത്തിക വർഷത്തെ ഉപഭോക്തൃക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ കഴിയുകയുള്ളുവെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 70 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

4408-01-101-95—<u>റേഷൻ കാർഡ് പുതുക്കൽ</u>

ബഡ്ജറ്റ് വിഹിതം : 50,00,000 രൂപ (നോൺപ്ലാൻ)

'ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013' സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനായി 61.60 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിച്ചു. ഇത് പ്രകാരം 33 കോടി രൂപ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചിരുന്നു. ബാക്കി തുകയായ 28.60 കോടി രൂപ സർക്കാരിൽനിന്നും ലഭ്യമാകാനുണ്ട്. നടപ്പു സാമ്പത്തികവർഷത്തെ പ്രവർത്തനങ്ങൾക്കായി 25.3391 കോടി രൂപ ആവശ്യമുള്ളതിനാൽ നിലവിൽ വകയിരുത്തിയിട്ടുള്ള 50 ലക്ഷം രൂപയ്ക്ക് പുറമേ 24.8391 കോടി രൂപ കൂടി, ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

റേഷൻ കാർഡ് വിതരണത്തിനായി നിലവിൽ തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ വൈകല്യമുള്ളതിനാൽ താലൂക്കടിസ്ഥാനത്തിനുപകരം സംസ്ഥാനമൊട്ടാകെ ഒരൊറ്റ യൂണിറ്റായി കണക്കാക്കി ഒരു പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതെന്നും ക്യാബിനറ്റ് തീരുമാനമായിക്കഴിഞ്ഞാൽ നാല് മാസത്തിനുള്ളിൽ റേഷൻ കാർഡുകൾ വിതരണം ചെയ്യാനാകുമെന്നും അടിയന്തര സാഹചര്യങ്ങളിൽ അർഹരായവർക്ക് താല്ക്കാലിക കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

ദേശീയ ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ ക്രൈറ്റീരിയയിൽ ഉയർന്ന വരുമാനമുള്ളവർ ഒഴികെയുള്ള എല്ലാ ആദിവാസികളെയും ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി കൊണ്ടുള്ള മാനദണ്ഡങ്ങളാണുള്ളതെന്നും ആയതിനാൽ ക്ലാസ് ഫോർ ജീവനക്കാർ ഉൾപ്പെടെയുള്ള ചെറിയ ജോലികൾ ചെയ്യുന്ന ആദിവാസികൾക്കും ബി.പി.എൽ. ആനുകൂല്യം നൽകേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ഹോട്ടലുകളിലെ വില ഏകീകരണം, ഗ്രേഡിംഗ് എന്നിങ്ങനെ പല സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും സാധാരണക്കാർക്ക് താങ്ങാനാകുന്നതിലും കൂടിയ വിലയാണ് പലഹോട്ടലുകളും ഈടാക്കുന്നതെന്നും പലഹോട്ടലുകളിലും നിലവാരമില്ലാത്ത ഭക്ഷണ സാധനങ്ങളാണ് വിതരണം ചെയ്യുന്നതെന്നും ശബരിമല സീസൺ അടുത്തുവരുന്ന സാഹചര്യത്തിൽ ഇത് പരിശോധിക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധ്കാന്തി കാണിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു.

ഹോട്ടലുകളിലെ വില ഏകീകരണം, ഗ്രേഡിംഗ് എന്നിവ സംബന്ധിച്ച് കഴിഞ്ഞ ഗവൺമെന്റ് ഒരു ബിൽ കൊണ്ട് വന്നെങ്കിലും ആയത് നടപ്പിലായില്ലായെന്നും ഈ വർഷം അത് പ്രാബല്യത്തിൽ വരുത്താൻ ശ്രമിക്കുമെന്നും ഭക്ഷണത്തിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച് പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന ശക്തമാക്കുന്നതാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

65 വയസ് കഴിഞ്ഞതും യാതൊരു പെൻഷനും ലഭിക്കാത്തതുമായ മുതിർന്ന പൗരൻമാർക്ക് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്ന പദ്ധതിയായ വൃദ്ധ അഗതികൾക്കുള്ള അന്നപൂർണ്ണ ഭക്ഷണ സുരക്ഷാപദ്ധതി പ്രകാരം സംസ്ഥാനത്ത് 44980 പേർക്ക് ആനുകൂല്യം നൽകാനാകുമെങ്കിലും ഒരു പെൻഷനും ലഭിക്കാത്ത മുതിർന്ന പൗരൻമാരുടെ കുറവ്കാരണം 23322 പേർക്കാണ് നിലവിൽ ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതെന്നും ഈ പദ്ധതിയുടെ നോംസിൽ മാറ്റം വരുത്തിയാൽ കൂടുതൽ ആളുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനാകുമെന്നും അഭിപ്രായപ്പെട്ട സമിതി നോംസിൽ മാറ്റം വരുത്തുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു

## ധനാഭ്യർത്ഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-106-99-02—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം-മെട്രിക് സമ്പ്രദായം നടപ്പാക്കൽ - വേതനം</u>

ബഡ്ജറ്റ് വിഹിതം : 57,69,000 രൂപ (നോൺ-പ്ലാൻ)

നിലവിലെ ബഡ്ജറ്റ് വിഹിതം 2015-16 വർഷത്തിനേക്കാൾ കുറവാണെന്ന് സമിതി മനസ്സിലാക്കി. ശമ്പള പരിഷ്കരണ കുടിശ്ശിക ഉൾപ്പെടെ നൽകേണ്ടതിനാൽ ഈ വർഷം അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമേ 20 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99-05—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം - മെട്രിക് സമ്പ്രദായം നടപ്പാക്കൽ - ഓഫീസ് ചെലവുകൾ</u>

(3)-<u>ടെലഫോൺ ചെലവ്</u>

ബഡ്ജറ്റ് വിഹിതം : 4,00,000 രൂപ (നോൺ-പ്ലാൻ)

ഇന്റർനെറ്റ്, ഫാക്സ്, ടെലഫോൺ എന്നിവയ്ക്ക് പുറമേ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും CUG SIM നൽകിയിട്ടുള്ളതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99-05—<u>അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം - മെട്രിക് സമ്പ്രദായം നടപ്പാക്കൽ - ഓഫീസ് ചെലവുകൾ</u>

(4)-<u>മറ്റിനങ്ങൾ</u>

ബഡ്ജറ്റ് വിഹിതം : 15,00,000 രൂപ (നോൺ-പ്ലാൻ)

(i) 11 ഓഫീസുകളിൽ പുതുതായി സജ്ജീകരിച്ച ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തനത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങി നൽകേണ്ടതുണ്ട്. ഇതിനായി കൂടുതൽ തുക ആവശ്യമുണ്ട്. ആയതിനാൽ ഈ ഇനത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 15 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

(ii) 3475-00-106-99-06—വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 23,00,000 രൂപ (നോൺ-പ്ലാൻ)

കഴിഞ്ഞ വർഷം വാടക നിശ്ചയിച്ച് ലഭിച്ച ഓഫീസ് കെട്ടിടങ്ങളുടെ വാടക കുടിശ്ശിക നൽകുന്നതിനും റവന്യൂ ടവറിൽ പ്രവർത്തിക്കുന്ന ആഫീസുകളുടെ വാടക ഇനത്തിൽ ഹൗസിംഗ് ബോർഡിന് കൊടുത്തു തീർക്കാനുള്ള 5 ലക്ഷത്തോളം രൂപ നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈയിനത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

(iii) 3475-00-106-99-45—പി.ഓ.എൽ.

ബഡ്ജറ്റ് വിഹിതം : 23,00,000 രൂപ (നോൺ-പ്ലാൻ)

ലീഗൽ മെട്രോളജി വകുപ്പിലേക്ക് 24 വാഹനങ്ങൾ കൂടി വാങ്ങുന്നതിനാൽ ഇന്ധന ഇനത്തിൽ വരുന്ന അധിക ചെലവ് വഹിക്കുന്നതിനായി 5 ലക്ഷം രൂപ കൂടി ബഡ്ജറ്റ് വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-98—അളവുകളും തൂക്കങ്ങളും പരിശോധനയുടെ ഗുണവും കൃത്യതയും വർദ്ധിപ്പിക്കൽ

ബഡ്ജറ്റ് വിഹിതം : 5,18,00,000 രൂപ (പ്ലാൻ)

കഴിഞ്ഞ സാമ്പത്തിക വർഷം e-lams-ൽ പോസ്റ്റ് ചെയ്ത തുക ഉൾപ്പെടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ പർച്ചേസ് ഓഫ് എക്യൂപ്മെന്റ് എന്ന കമ്പോണന്റ് പൂർത്തിയാക്കാൻ 10.46 ലക്ഷം രൂപ അധികം ആവശ്യമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 10.46 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ലീഗൽ മെട്രോളജി വകുപ്പ് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം ജീവനക്കാരുടെ കുറവും വാഹന സൗകര്യമില്ലായ്മയുമാണെന്നും ഇത് കാരണം സമയനഷ്ടവും ധനനഷ്ടവും ഉണ്ടാകുന്നതായും സമിതി വിലയിരുത്തി. നല്ല രീതിയിൽ പ്രവർത്തിച്ചാൽ സമൂഹത്തിന് ഏറെ പ്രയോജനപ്രദമായ ഈ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും ജനകീയവുമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

സമിതി വൈകുന്നേരം 3.40-ന് യോഗം പിരിഞ്ഞു.

## 10-8-2016-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2016 ആഗസ്റ്റ് 10-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4 എ' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയിലെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
4. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
5. ശ്രീ. പി.സി. ജോർജ്, എം.എൽ.എ.
6. ശ്രീ. വി. ജോയി, എം.എൽ.എ.
7. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.
8. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.
9. ശ്രീ. കെ.കെ. രാമചന്ദ്രൻ നായർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്കുശേഷം 2.45 മണിക്ക് പിരിഞ്ഞു.

1339/2017.

# 19-9-2016-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2016 സെപ്റ്റംബർ 19-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുമായ ശ്രീ. എ.സി. മൊയ്തീന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഓഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമനും താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം. എൽ.എ.
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം. എൽ.എ.
4. ശ്രീ. പി. സി. ജോർജ്, എം. എൽ.എ.
5. ശ്രീ. വി. ജോയി, എം. എൽ.എ.
6. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം. എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. കെ. സുരേഷ്കുമാർ, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി.ജി. റിജു, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീമതി വത്സ, വി., അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്
3. ശ്രീമതി സുപ്രഭ, എസ്., ജോയിന്റ് സെക്രട്ടറി, സഹകരണ വകുപ്പ്
4. ശ്രീ. വി. സനൽകുമാർ, ഡയറക്ടർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (ആഡിറ്റ്)
5. ശ്രീ. എം. സുബ്രഹ്മണ്യൻ, അഡീഷണൽ ഡയറക്ടർ, ആഡിറ്റ് ഡയറക്ടറേറ്റ്
6. ശ്രീമതി എസ്. ലളിതാംബിക, രജിസ്ട്രാർ(കോ-ഓപ്പറേറ്റീവ്സ്)
7. ശ്രീമതി സോജപ്രകാശം, അസിസ്റ്റന്റ് രജിസ്ട്രാർ, (പ്ലാനിംഗ്)
8. ശ്രീ. രാജേഷ്, പി. ആർ., അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ).

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും ഭേദഗതികളൊന്നുമില്ലാതെ അംഗീകരിക്കുകയും ചെയ്തു:

1. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ 7, 8, 12, 13, 14, 15, 16, 20, 22, 23 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ സഹകരണ വകുപ്പിൽ നിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റ്

(ഫയൽ നമ്പർ 3292/സബ്.സി.ജി1/2015/നി.സെ.)

2. 2006-07 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 10, 19 എന്നീ ഖണ്ഡികകളിലെ ശിപാർശകളിൻമേൽ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് സഹകരണ വകുപ്പിൽ നിന്നും ലഭിച്ച അധിക വിവര റിപ്പോർട്ട്

(ഫയൽ നമ്പർ 2006/സബ്.സി.ജി1/16/നി.സെ.)

3. 1-4-2015 മുതൽ 31-3-2016 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്.

(ഫയൽ നമ്പർ 2146/സബ്.സി.ജി1/16/നി.സെ.)

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച 5-ാമത് റിപ്പോർട്ടിലെ സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 1, 2, 3, 4, 5, 6, 9, 10, 11, 17, 18, 19, 21, 24, 25 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലും ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട 28, 30 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുമുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ 26-9-2016-നുള്ളിൽ ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് സമിതി നിർദ്ദേശിച്ചു. ഇപ്രകാരം നൽകുന്നതാണെന്ന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

(ഫയൽ നമ്പർ 3292/സബ്.സി.ജി1/15/നി.സെ.)

യോഗം ഉച്ചയ്ക്ക് ശേഷം 2.50 മണിക്ക് പിരിഞ്ഞു.

## 25-10-2016-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2016 ഒക്ടോബർ മാസം 25-ാം തീയതി, ചൊവ്വാഴ്ച സഭാസമ്മേളനത്തിനുശേഷം വൈകുന്നേരം 4.15-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ യോഗം ചേർന്നു. സമിതി ചെയർമാനും ബഹു. സഹകരണവും വിനോദസഞ്ചാരവും വകുപ്പു മന്ത്രിയുമായ ശ്രീ. എ. സി. മൊയ്തീൻ അദ്ധ്യക്ഷത വഹിച്ച പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ്. പി., എം.എൽ.എ.
2. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
3. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

4. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.

5. ശ്രീ. വി. ജോയി, എം.എൽ.എ.

6. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.

7. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

8. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. കെ. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്

2. ശ്രീമതി എസ്. സുപ്രഭ, ജോയിന്റ് സെക്രട്ടറി, സഹകരണ വകുപ്പ്

3. ശ്രീമതി എസ്. ലളിതാംബിക, രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

4. ശ്രീ. പി. ആർ. രാജേഷ്, അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ), കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

5. ശ്രീമതി സി. പുഷ്പകുമാരി, ജോയിന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

6. ശ്രീമതി സോജാ പ്രകാശം, അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്), കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

7. ശ്രീമതി റ്റി. കാഞ്ചന, അസിസ്റ്റന്റ് രജിസ്ട്രാർ, കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും അംഗീകരിക്കുകയും ചെയ്തു.

1. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ്.

(ഫയൽ നമ്പർ 3292/സബ്.സി.ജി1/15/നി.സെ.)

ഖണ്ഡിക നമ്പർ - 1, 2, 3, 4, 5, 6, 9, 10, 11, 14, 17, 18, 19, 21, 24, 25

2. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്.

(ഫയൽ നമ്പർ 3292/സബ്.സി.ജി1/15/നി.സെ.)

യോഗം വൈകുന്നേരം 4.30 മണിക്ക് പിരിഞ്ഞു.

## 31-1-2017-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2017 ജനവരി 31-ാം തീയതി, ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5- ഡി' സമ്മേളന ഹാളിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

1. ശ്രീ. അബ്ദുൽ ഹമീദ് പി., എം.എൽ.എ.
2. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
3. ശ്രീ. വി. ജോയി, എം.എൽ.എ.
4. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സെക്രട്ടറി, ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
2. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
3. ശ്രീ. കെ. വേണുഗോപാൽ, ജനറൽ മാനേജർ, സപ്ലൈകോ
4. ശ്രീ. എം. എസ്. മോഹനചന്ദ്രൻ, ലോ ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്
5. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സി.എ.ഒ., സിവിൽ സപ്ലൈസ് ഡയറക്ടറേറ്റ്.

I. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(എ) പ്രകാരം സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിൽ അവശ്യ മരുന്നുകളുടെ ലഭ്യത എന്ന വിഷയം സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

(ഫയൽ നമ്പർ 53/സബ്. സി.ജി.1/2017/നി.സെ.)

അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഒരു മാസത്തേക്ക് ആവശ്യമായതിന്റെ ഒന്നര മടങ്ങ് കൂടുതൽ മരുന്നുകൾ സ്റ്റോക്കായി കരുതിവയ്ക്കണമെന്നുള്ള നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയത് പ്രകാരം അവശ്യ മരുന്നുകൾ സ്റ്റോക്ക് ചെയ്ത് വയ്ക്കാറുണ്ടെന്നും സപ്ലൈകോ ജനറൽ മാനേജർ ആമുഖമായി പറഞ്ഞു.

എല്ലാ മെഡിക്കൽ സ്റ്റോറുകളിലും ഓഫീസർ ഇൻ-ചാർജായി ഒരു പെർമനന്റ് സ്റ്റാഫും, കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്ന ഫാർമസിസ്റ്റുമാരാണുള്ളതെന്നും മരുന്നുകൾ സൂക്ഷിക്കുന്നതിന്റെ ചുമതല ഓഫീസർ ഇൻ-ചാർജിനാണെന്നും, മെഡിക്കൽ സ്റ്റോറുകളിൽ ചില മരുന്നുകൾ കെട്ടിക്കിടക്കുന്ന സാഹചര്യമുണ്ടാകാറുണ്ടെങ്കിലും എറണാകുളം മുതൽ കോഴിക്കോട് വരെയുള്ള സപ്ലൈകോയുടെ അഞ്ച് മെഡിക്കൽ ഹോൾസെയിൽ ഡിവിഷനുകളുടെ ചുമതല വഹിക്കുന്ന റീജിയണൽ മാനേജർമാർ അവരുടെ ഡിവിഷനു കീഴിലുള്ള സ്റ്റോറുകളിൽ മരുന്നുകൾ കെട്ടിക്കിടക്കുന്നില്ലെന്ന് യഥാസമയം ഉറപ്പുവരുത്താറുള്ളതിനാൽ ക്രമാതീതമായി മരുന്നുകൾ കെട്ടിക്കിടക്കുന്ന അവസ്ഥയില്ലെന്നും സപ്ലൈകോ മാനേജർ സമിതിയെ അറിയിച്ചു.

പുതിയ മെഡിക്കൽ സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ പ്രതിമാസം 3.5 ലക്ഷം രൂപയുടെ വിറ്റുവരവ് ഉണ്ടാകണമെന്നാണ് അടിസ്ഥാനപരമായ മാനദണ്ഡമെന്നും, ഇപ്രകാരം വിറ്റുവരവ് ലഭ്യമാണോ എന്നത് സംബന്ധിച്ച് സാധ്യതാ പഠനങ്ങൾ നടത്തിയ ശേഷമാണ് പുതിയ സ്റ്റോറുകൾ അനുവദിക്കുന്നതെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ 2016 മേയ് മാസത്തിനുശേഷം നാല് മെഡിക്കൽ സ്റ്റോറുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെന്നും ഇതിൽ പാരിപ്പള്ളിയിൽ അനുവദിച്ച മെഡിക്കൽ സ്റ്റോർ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവ ഉടൻ പ്രവർത്തനമാരംഭിക്കുന്നതാണെന്നും സപ്ലൈകോ ജനറൽ മാനേജർ സമിതിയെ അറിയിച്ചു

ബ്ലഡ് പ്രഷർ, ഡയബറ്റിസ് പോലുള്ള ജീവിതശൈലീ രോഗങ്ങൾക്ക് ഉപയോഗിക്കുന്ന മരുന്നുകൾ പല സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലും ലഭിക്കുന്നില്ലായെന്നും തന്മൂലം പൊതുജനങ്ങൾ വർദ്ധിച്ച വില നൽകി മറ്റ് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും മരുന്ന് വാങ്ങേണ്ടി വരുന്നുവെന്നും അവശ്യ മരുന്നുകളുടെ ദൗർലഭ്യത്തെപ്പറ്റിയും വ്യാപകമായി ആക്ഷേപമുണ്ടെന്നും പൊതുജനങ്ങൾ കൂടുതൽ ആശ്രയിക്കുന്ന തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ മുന്നിലുള്ള സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ പലപ്പോഴും മരുന്നുകൾ ഉണ്ടാകാറില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. സമിതിക്ക് ലഭ്യമായിട്ടുള്ള റിപ്പോർട്ടിൽ സപ്ലൈകോയുടെ 106 മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് പ്രതിമാസം 5.5 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടാകുന്നു. എന്നാൽ എല്ലാ മാസവും സപ്ലൈകോ വാങ്ങുന്നതാകട്ടെ 3.5 കോടി രൂപയുടെ മരുന്നുകളും. എപ്രകാരമാണ് വിറ്റ് വരവിൽ ഇത്ര വലിയ മാർജിൻ ഉണ്ടാകുന്നതെന്ന് സമിതി ആരാഞ്ഞു.

3.5 കോടി രൂപ എന്നത് പ്രതിമാസം പ്രമുഖ കമ്പനികളിൽ നിന്നും ഹോൾസെയിലായി വാങ്ങുന്ന മരുന്നുകളുടെ കണക്കാണെന്നും ഇതിനു പുറമെ പ്രാദേശികമായി വേണ്ടിവരുന്ന ചില മരുന്നുകൾ ലോക്കൽ പർച്ചേസ് ചെയ്യുന്നതിന് അതത് മെഡിക്കൽ സ്റ്റോറുകൾക്ക് അനുമതി കൊടുത്തിട്ടുണ്ടെന്നും ജനറൽ മാനേജർ മറുപടി നൽകി. ഒരേ മരുന്ന് വിവിധ കമ്പനികൾ വ്യത്യസ്ത പേരുകളിൽ ഇറക്കുന്നുണ്ടെന്നും ഡോക്ടർമാർ രോഗികൾക്ക് ഈ പേരിലുള്ള മരുന്നുകൾ നിർദ്ദേശിക്കുമ്പോൾ അവ മാത്രമേ ആവശ്യപ്പെടാറുള്ളുവെന്നും എന്നാൽ പ്രസ്തുത മരുന്നുകൾ പലപ്പോഴും സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ ലഭ്യമാണെങ്കിലും പേരിലുള്ള വ്യത്യാസം കാരണം ആവശ്യക്കാർ അത് വാങ്ങാറില്ലെന്നും കൂടാതെ മെഡിക്കൽ ഷോപ്പുകളുടെ സ്വാധീനവും ഡോക്ടർമാർക്ക് ഉപഹാരങ്ങളും കമ്മീഷനും മറ്റും നൽകി വരുന്ന രീതി സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾക്ക് പിന്തുടരാനാകാത്തതും സപ്ലൈകോ മെഡിക്കൽ സ്റ്റോറിൽ അവശ്യമരുന്നുകൾ ലഭ്യമല്ല പ്രചരണത്തിന് കാരണമാകുന്നുണ്ടെന്നും എന്നാൽ ഇത്തരം ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ 106 മെഡിക്കൽ സ്റ്റോറുകളിലെയും ഓഫീസർ ഇൻ-ചാർജ്ജുമാരുടെ യോഗം വിളിച്ച് ചേർത്ത് ചർച്ച ചെയ്ത് മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചതായും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് നന്നായി പ്രവർത്തിക്കാനുള്ള എല്ലാ ശ്രമവും സപ്ലൈകോ നടത്തുന്നുണ്ടെന്നും ജനറൽ മാനേജർ സമിതിയെ അറിയിച്ചു.

മരുന്നുകളുടെ ദൗർലഭ്യവും വില്പനക്കുറവുംമൂലം കൊച്ചിയിലെ കല്ല് ഗോഡൗൺ, തിരുവനന്തപുരത്തെ പഴവങ്ങാടി എന്നിവിടങ്ങളിലെ മെഡിക്കൽ സ്റ്റോറുകൾ അടച്ചുപൂട്ടേണ്ട സ്ഥിതിയിലാണെന്ന് സമിതി മനസ്സിലാക്കുന്നതായും ഇത്തരം മെഡിക്കൽ സ്റ്റോറുകളിൽ അവശ്യ മരുന്നുകൾ ഉണ്ടോയെന്നു പരിശോധിക്കുന്നതിനും ബിസിനസ് മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടുന്നതിനും ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും സമിതി ആരാഞ്ഞു.

"കല്ല് ഗോഡൗൺ മെഡിക്കൽ സ്റ്റോർ" സ്ഥിതിചെയ്യുന്നത് റോഡിൽ നിന്നും അകന്ന് ഒറ്റപ്പെട്ട സ്ഥലത്താണെന്നും ഇത്തരത്തിലുള്ള ലൊക്കേഷൻ പരിമിതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി റോഡിൽ നിന്നും ഉള്ളിലേക്ക് മാറി പ്രവർത്തിക്കുന്ന സ്റ്റോറുകൾ കണ്ടെത്തി അവയെ അനുയോജ്യമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മെഡിക്കൽ സ്റ്റോറുകളിലെ അവശ്യമരുന്നുകളുടെ ലഭ്യത/വിൽപ്പന സംബന്ധമായ കാര്യങ്ങൾ പരിശോധിക്കുന്നതിന് ജൂനിയർ മാനേജർ (ഇൻസ്പെക്ഷൻ)-ന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക വിഭാഗം നിലവിലുണ്ടെന്നും ഈ വിഭാഗത്തിന്റെ പരിശോധനാ റിപ്പോർട്ടിൻ പ്രകാരം റീജിയണൽ മാനേജർ നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഹെഡ് ഓഫീസിൽ നിന്നും പ്രശ്ന പരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കാറുണ്ടെന്നും ജനറൽ മാനേജർ അറിയിച്ചു.

ജനസാന്ദ്രതയുള്ള പ്രദേശമായ തിരുവനന്തപുരം പഴവങ്ങാടിയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനം ഒട്ടും ആശാവഹമല്ലെന്നും സമിതി അഭിപ്രായപ്പെട്ടു

മാർക്കറ്റ് സ്റ്റഡി നടത്തുന്നതിനുള്ള ടെക്നിക്കൽ സംവിധാനം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിലവിലില്ലാത്തതാണ് പ്രധാന പ്രശ്നമെന്നും ഹെഡ്ക്വാർട്ടേഴ്സിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്പെഷ്യൽ ബിസിനസ്സ് മാനേജരെ (മെഡിസിൻ) ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും കൂടാതെ റീജിയണൽ മാനേജർമാർ മുഖേന ലഭിക്കുന്ന പ്രാദേശിക വിവരങ്ങളുടെ അടിസ്ഥാനത്തിൽ മരുന്നുകളുടെ പട്ടിക നിർണ്ണയിച്ച് അവ വാങ്ങി സൂക്ഷിക്കുന്നുണ്ടെന്നും ഇപ്രകാരം മരുന്നുകൾ വാങ്ങുന്നത് റൂൾസ് ആന്റ് പ്രൊസീജിയർ അനുസരിച്ചാണോയെന്ന് പരിശോധിക്കുന്നതിന് സ്പെഷ്യൽ ബിസിനസ്സ് മാനേജർ (മെഡിസിൻ) എന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആയതിനാൽ പ്രാദേശിക ആശുപത്രികളിൽ നിർദ്ദേശിക്കുന്ന മരുന്നുകളെ സംബന്ധിച്ച് മനസ്സിലാക്കുന്നതിനും അവ ക്രോഡീകരിച്ച് ജില്ലാ തലത്തിൽ വ്യത്യാസം വരുത്തുന്നതിനും ഒരു സംവിധാനം വകുപ്പ് തലത്തിൽ ഏർപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് സെക്രട്ടറി വെളിപ്പെടുത്തി. സംസ്ഥാനത്ത് സേവന മെഡിക്കൽ സ്റ്റോറിന്റെ വ്യാപനം സപ്ലൈകോ മെഡിക്കൽ സ്റ്റോറിന്റെ പ്രവർത്തനത്തെ എപ്രകാരം ബാധിക്കുന്നുണ്ടെന്ന് സമിതി ആരാഞ്ഞപ്പോൾ, സേവന മെഡിക്കൽസ് വളരെ നല്ല രീതിയിൽ മാർക്കറ്റ് ചെയ്യുന്നുണ്ടെന്നും സേവന/നീതി മെഡിക്കൽ സ്റ്റോറുകൾ നൽകുന്ന അത്രയും തന്നെ വിലകുറച്ചാണ് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റും മരുന്നുകൾ നൽകുന്നതെന്നും എന്നാൽ അഡ്വർട്ടൈസ്മെന്റ് നൽകുന്ന കാര്യത്തിൽ വകുപ്പ് വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ലെന്നും വകുപ്പ് സെക്രട്ടറി വിശദീകരിച്ചു

നിയമസഭാ സമിതി നടത്തിയ ഒരു പഠനത്തിൽ സംസ്ഥാനത്ത് ഒരു വർഷം 10000 കോടിയോളം രൂപയുടെ മരുന്നുകൾ ചെലവാകുന്നുണ്ടെന്നാണ് കണ്ടെത്തിയതെന്നും ഇതിൽ സപ്ലൈകോയുടെ 106 മെഡിക്കൽ സ്റ്റോറുകളിൽ നിന്നുമുള്ള ആകെ വിറ്റുവരവായ 5.5 കോടി രൂപ വളരെ ചെറിയ ശതമാനമാണെന്നും പട്ടണങ്ങളിലെ നിരവധി സ്വകാര്യ മെഡിക്കൽ സ്റ്റോറുകൾ പ്രതിദിനം ഒരു ലക്ഷം രൂപയ്ക്കുമേൽ കച്ചവടം നടത്തുന്നതുമായി താരതമ്യം ചെയ്യുമ്പോൾ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെ പ്രവർത്തനക്ഷമത മനസ്സിലാക്കാവുന്നതാണെന്നും ആയതിനാൽ നല്ല രീതിയിൽ മാർക്കറ്റ് സ്റ്റഡി നടത്തി അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തി വിപണിയിൽ കാര്യമായി ഇടപെടുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു

സ്റ്റോറിന്റെ പ്രവർത്തനങ്ങൾക്കായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്ന ഫാർമസിസ്റ്റുകളുടെ പ്രതിബദ്ധതയിൽ സമിതി സംശയമുന്നയിച്ചപ്പോൾ, എല്ലാ മെഡിക്കൽ സ്റ്റോറുകളിലും ഒരു ഓഫീസർ ഇൻ-ചാർജായി സ്ഥിരം ജീവനക്കാരുണ്ടെന്നും എന്നിരുന്നാലും ഫാർമസിസ്റ്റുകളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് പോരായ്മയാണെന്നതിനാൽ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും പി.എസ്.സി. ഈ തസ്തികയിലേക്ക് നിയമനത്തിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചതായി മനസിലാക്കുന്നുവെന്നും ജനറൽ മാനേജർ അറിയിച്ചു.

മാവേലി മെഡിക്കൽ സ്റ്റോറുകൾ ഫലപ്രദമായി പ്രവർത്തിപ്പിക്കേണ്ടത് പൊതുജനങ്ങളുടെ ആവശ്യമാണെന്നും ആയതിനാൽ ഇവ വിജയകരമായി നടത്തിക്കൊണ്ടുപോകേണ്ടതുണ്ടെന്നും പത്തോപതിനഞ്ചോ അവശ്യ മരുന്നുകളുടെ പൊതുവിപണിയിലെ വിലയും സപ്ലൈകോയിലെ വിലയും താരതമ്യപ്പെടുത്തിക്കൊണ്ട് എല്ലാ മെഡിക്കൽ സ്റ്റോറുകൾക്ക് മുമ്പിലും ജനശ്രദ്ധ ആകർഷിക്കുന്ന തരത്തിൽ ബോർഡ് സ്ഥാപിച്ചാൽ അത് ചെലവേറിയ പരസ്യം നൽകുന്നതിനേക്കാൾ കൂടുതൽ ഫലപ്രദമാകുമെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇത് സംബന്ധിച്ച് ബഹു. മന്ത്രി നിർദ്ദേശം നൽകിയിരുന്നുവെന്നും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ മെഡിക്കൽ സ്റ്റോറിലും ഇപ്രകാരം ബോർഡ് സ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ചിലയിടങ്ങളിൽ അവ സ്ഥാപിച്ചുകഴിഞ്ഞതായും ജനറൽ മാനേജർ അറിയിച്ചു.

നിലവിൽ സംസ്ഥാനത്ത് നല്ല രീതിയിൽ പ്രവർത്തിച്ച് കൂടുതൽ വിറ്റ് വരവ് നേടുന്ന സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ ഏതെല്ലാമാണെന്നും നിശ്ചിത ടാർജറ്റ് പോലും നേടാനാകാത്ത എത്ര സ്റ്റോറുകളുണ്ടെന്നും ടാർജറ്റ് കൈവരിക്കാത്ത മെഡിക്കൽ സ്റ്റോറുകൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിക്കാറുണ്ടോയെന്നും സമിതി ആരാഞ്ഞു.

40 ലക്ഷം രൂപ വിറ്റ് വരവുള്ള കരുനാഗപ്പള്ളിയും 33 ലക്ഷം രൂപ വിറ്റ് വരവുള്ള നെയ്യാറ്റിൻകരയും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സ്റ്റോറുകളാണെന്നും 106 മെഡിക്കൽ സ്റ്റോറുകളിൽ 36 എണ്ണം ടാർജറ്റ് നേടാനാകാത്തവയാണെന്നും ഇവയെ പ്രത്യേകമായി കണ്ടെത്തി, പ്രവർത്തനത്തിൽ മറ്റ് സ്റ്റോറുകളുമായുള്ള താരതമ്യങ്ങൾ ചൂണ്ടിക്കാട്ടി താക്കീത് നൽകിയിട്ടുണ്ടെന്നും, മാർച്ച് മാസത്തെ അവലോകന യോഗത്തിന് മുമ്പ് ലക്ഷ്യം കൈവരിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജനറൽ മാനേജർ വിശദീകരിച്ചു

നല്ല രീതിയിൽ വില്പന നടക്കുന്ന കേന്ദ്രങ്ങളെ മാതൃകയാക്കി പ്രവർത്തനങ്ങളെ ഏകോപിപ്പിയ്ക്കണമെന്നും ഇതിനായി എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളിലെയും ജീവനക്കാരുടെ യോഗം വിളിച്ചുചേർത്ത് മികച്ച പ്രവർത്തന രീതികൾ ഏവരുമായി പങ്ക് വയ്ക്കണമെന്നും ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകളെ അടിസ്ഥാനമാക്കി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കണമെന്നും ടാർജറ്റ് നേടുന്നതിന് കർശന നിലപാടുകൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഇക്കാര്യത്തിൽ ബഹു. ഭക്ഷ്യവകുപ്പ് മന്ത്രി ശക്തമായി ഇടപെട്ടതിനെ തുടർന്ന് സപ്ലൈകോ ചെയർമാനും, മാനേജിംഗ് ഡയറക്ടറുമടക്കമുള്ള എല്ലാ പേരെയും പങ്കെടുപ്പിച്ച് ഒരു മാസം മുൻപ് ഒരു അവലോകന യോഗം ചേരുകയും, അതിൽ അംഗീകരിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നതായും ജനറൽ മാനേജർ അറിയിച്ചു.

സമീപ ആശുപത്രികളിലെ ഡോക്ടർമാരുമായി നിരന്തരം സമ്പർക്കം പുലർത്തി അവർ പ്രിസ്ക്രൈബ് ചെയ്യുന്ന മരുന്നുകൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കി അതനുസരിച്ച് മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ ലഭ്യമാക്കുവാൻ സഹായിക്കുന്ന ഒരു ലെയ്സൺ ഓഫീസറുടെ അഭാവമുണ്ടെന്നും ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനാടിസ്ഥാനത്തിൽ രണ്ടുപേരടങ്ങുന്ന ഒരു ടെക്നിക്കൽ ടീമിനെ നിയോഗിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണെന്നും ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു

സപ്ലൈകോ മെഡിക്കൽ സ്റ്റോറുകൾ കൂടുതൽ വ്യാപകവും കാര്യക്ഷമവുമാക്കുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി ഒരു യോഗം ചേരുന്നതിന് സമിതി തീരുമാനിക്കുകയും ഇതിനായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന എല്ലാ സപ്ലൈകോ മെഡിക്കൽ സ്റ്റോറുകളുടെയും പ്രവർത്തനം, അവ സ്ഥിതി ചെയ്യുന്ന സ്ഥലം, ജീവനക്കാരുടെ എണ്ണം, മരുന്നുകളുടെ വിറ്റുവരവ്, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ ഉൾപ്പെടുത്തി വിശദമായ ഒരു ചോദ്യാവലി തയ്യാറാക്കി വകുപ്പിൽ നിന്ന് വിവരങ്ങൾ ആവശ്യപ്പെടുന്നതിനും സമിതി നിർദ്ദേശിച്ചു.

II. സമിതിയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ 24-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്ന് ലഭ്യമായ നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

(ഫയൽ നമ്പർ 4410/സബ് സി.ജി.1/16/നി.സെ.)

III. ലീഗൽ മെട്രോളജി സ്പെഷ്യൽ റൂൾസിന്റെ കരട് ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നതിലെ കാലതാമസം സംബന്ധിച്ച്.

(ഫയൽ നമ്പർ 5095/സബ് സി.ജി.1/16/നി.സെ.)

സബ്ജക്ട് കമ്മിറ്റിയുടെ 27-5-2013, 20-2-2014, 9-6-2014 തീയതികളിലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലീഗൽ മെട്രോളജി വകുപ്പിൽ നിന്നും 27-11-2014-ന് കരട് റൂൾസ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ സമിതിയെ അറിയിച്ചു.

ലീഗൽ മെട്രോളജി വകുപ്പ് ഒരു അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റ് ആയി റവന്യൂ വകുപ്പിന് കീഴിലാണ് പ്രവർത്തിച്ചിരുന്നതെന്നും ഈ അടുത്ത കാലത്താണ് അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഫുഡ് ആന്റ് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ മാറ്റിയത്. സർക്കാരിനു കിട്ടിയ റൂൾസിൽ തിരുത്തൽ വരുത്തി അതിന്റെ കരട് ചട്ടങ്ങളും സ്പെഷ്യൽ റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട സർക്കുലറും ചേർത്ത് പരിശോധനയ്ക്ക് നൽകുകയും

ആയത് ഭരണ പരിഷ്കാര വകുപ്പും, നിയമ വകുപ്പും, പി.എസ്.സി.യും പരിശോധിച്ച് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് തസ്തിക പൂർണ്ണമായും വകുപ്പിലെ യോഗ്യരായ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ പ്രൊമോഷൻ തസ്തികയാക്കണമെന്നും മൂന്ന് വർഷം പൂർത്തിയാക്കിയ യോഗ്യരായ ഇൻസ്പെക്ടിംഗ് അസിസ്റ്റന്റുമാരെ ലീഗൽ മെട്രോളജി ഇൻസ്പെക്ടർ തസ്തികയുടെ ഫീഡർ കാറ്റഗറിയിൽ ഉൾപ്പെടുത്തുകയും ചെയ്യണമെന്നുമുള്ള സബ്ജക്ട് കമ്മിറ്റിയുടെ രണ്ട് ശിപാർശകളും ചേർത്ത് തയ്യാറാക്കിയ കരട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് റൂൾ ഭേദഗതികളോടു കൂടി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പും, നിയമ വകുപ്പും അംഗീകരിച്ചിട്ടുണ്ടെന്നും ആയത് വെറ്റ് ചെയ്യുന്നതിനായി പി.എസ്.സി.-യ്ക്ക് അയച്ചു കൊടുക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത കരട് ചട്ടത്തിന്റെ പകർപ്പ് എത്രയുംവേഗം സബ്ജക്ട് കമ്മിറ്റിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

യോഗം രാവിലെ 11.30-ന് പിരിഞ്ഞു.

## 23-3-2017-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2017 മാർച്ച് 23-ാം തീയതി, വ്യാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുമായ ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു:

1. ശ്രീ. അനൂപ് ജേക്കബ്, എം.എൽ.എ.
2. ശ്രീ. ജോർജ് എം. തോമസ്, എം.എൽ.എ.
3. ശ്രീ. വി. ജോയി, എം.എൽ.എ.
4. ശ്രീ. മുരളി പെരുനെല്ലി, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. വി. ജി. റിജു, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. പി. വേണുഗോപാൽ, സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്
2. ശ്രീമതി എസ്. ലളിതാംബിക, രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്
3. ശ്രീ. രാജേഷ്, അഡീഷണൽ സെക്രട്ടറി, സഹകരണ വകുപ്പ്

4. ഡോ. ആർ. ശശികുമാർ, ഡയറക്ടർ, കേപ്പ്

5. ശ്രീ. എ. ഷിബു, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്

6. ശ്രീ. ഒ.എം. അജയമോഹൻ, അഡീഷണൽ രജിസ്ട്രാർ, സഹകരണ വകുപ്പ്

7. ശ്രീ. ജോസ് ഫിലിപ്പ്, അഡീഷണൽ രജിസ്ട്രാർ, ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

8. ശ്രീമതി ജെസിമോൾ ജോസഫ്, അഡീഷണൽ രജിസ്ട്രാർ, ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

9. ശ്രീമതി ജയലക്ഷ്മി അമ്മ. പി. എൻ., അഡീഷണൽ രജിസ്ട്രാർ, ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

10. ശ്രീമതി ഇ.ആർ. രാധാമണി, അഡീഷണൽ രജിസ്ട്രാർ (കൺസ്യൂമർ), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

11. ശ്രീ. കെ.വി. പ്രശോഭൻ, ജോയിന്റ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

12. ശ്രീമതി പ്രഭകുമാരി, ജെ., ഡെപ്യൂട്ടി രജിസ്ട്രാർ (പ്ലാനിംഗ്), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്.

13. ശ്രീമതി ചിത്രജ, എസ്. ഡി., ഡെപ്യൂട്ടി രജിസ്ട്രാർ, ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

14. ശ്രീമതി സോജ പ്രകാശം, അസിസ്റ്റന്റ് രജിസ്ട്രാർ (പ്ലാനിംഗ്), ഓഫീസ് ഓഫ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

15. ശ്രീമതി കാഞ്ചന, റ്റി., അസിസ്റ്റന്റ് രജിസ്ട്രാർ (ഫിനാൻസ്), ഓഫീസ് ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ്

16. ശ്രീ. കെ. ബേബി ഐസക്, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കേപ്പ്

17. ശ്രീ. മൊബിൻ സെബാസ്റ്റ്യൻ, എ., ഫിനാൻസ് ഓഫീസർ (കേപ്പ്).

സമിതി 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട് സഹകരണം എന്ന XXVII-ാം ധനാഭ്യർത്ഥന പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി ചുവടെപ്പറയുന്ന നിർദ്ദേശങ്ങളും ശിപാർശകളും നൽകുകയും ചെയ്തു.

2425-00-003-89-31—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം - സഹായ ധനം - ശമ്പളം.

ബഡ്ജറ്റ് വിഹിതം : 71,00,000 രൂപ (പ്ലാൻ)

1. ദേശീയ സഹകരണ യൂണിയനുമായി ഉണ്ടാക്കിയ ഉടമ്പടി അനുസരിച്ച് കണ്ണൂർ സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിനാവശ്യമായ പ്രവർത്തന ചെലവിന്റെ 50% വഹിക്കുന്നതിനും തിരുവനന്തപുരം സഹകരണ മാനേജ്മെന്റ് സ്ഥാപനത്തിലെ പരിശീലന പരിപാടികൾ, സെമിനാറുകൾ കേരള സംസ്ഥാന സഹകരണ യൂണിയനിലെ അംഗങ്ങൾക്കു വേണ്ടിയുള്ള വിദ്യാഭ്യാസ പരിപാടി എന്നിവയുടെ നടത്തിപ്പിനും കൂടുതൽ തുക ആവശ്യമുള്ളതിനാൽ 79 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-003-89-04-(1)—സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവയ്ക്കുള്ള സഹായം, യാത്രാച്ചെലവുകൾ, യാത്രാബത്ത

ബഡ്ജറ്റ് വിഹിതം : 4,00,000 രൂപ (പ്ലാൻ)

2. അംഗീകൃത പരിശീലന സ്ഥാപനങ്ങളിൽ പരിശീലനത്തിന് പങ്കെടുക്കുന്ന സഹകരണ വകുപ്പ് ഉദ്യോഗസ്ഥർക്ക് യാത്രാബത്ത നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

അധികം തുക ആവശ്യപ്പെട്ടാലും ലഭിക്കുന്നത് കുറവാണെന്നും എന്നാലും സമിതിയുടെ ശിപാർശയുണ്ടെങ്കിൽ അധിക തുക ആവശ്യം വരുമ്പോൾ ക്ലെയിം ചെയ്യാൻ സാധിക്കുമെന്ന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു

2425-00-003-88—സഹകരണ വകുപ്പിലെ പരിശീലനത്തിനു സഹായം

ബഡ്ജറ്റ് വിഹിതം - 25,00,000 രൂപ (പ്ലാൻ)

3. സഹകരണ വകുപ്പിലെ ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിനായി സഹകരണ വകുപ്പിന് കീഴിലും സഹകരണ ബാങ്കുകൾക്ക് കീഴിലും ഇൻസ്റ്റിറ്റ്യൂട്ടുകളുണ്ട്. ഇതിനുപരിയായി സഹകരണ മേഖലയിലെ ആധുനിക മാനേജ്മെന്റ് സാങ്കേതികവിദ്യകൾ, ഇ-ഗവേണൻസ് തുടങ്ങിയ വിഷയങ്ങളിൽ സംസ്ഥാനത്തിന് അകത്തും പുറത്തുമുള്ള സ്ഥാപനങ്ങളിൽ സഹകരണ വകുപ്പിലെ ഓഫീസർമാർക്ക് പരിശീലനം നൽകുന്നതിന് നിലവിൽ വകയിരുത്തിയിട്ടുള്ളതിനേക്കാൾ കൂടുതൽ തുക ആവശ്യമുള്ളതിനാൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-49—<u>ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സഹായം</u>

ബഡ്ജറ്റ് വിഹിതം : 88,20,000 രൂപ (പ്ലാൻ)

4425-00-108-45

ബഡ്ജറ്റ് വിഹിതം : 59,40,000 രൂപ (പ്ലാൻ)

6425-00-108-22

ബഡ്ജറ്റ് വിഹിതം : 32,40,000 രൂപ (പ്ലാൻ)

4. തെരഞ്ഞെടുക്കപ്പെട്ട സ്കൂൾ, കോളേജ് സഹകരണ സംഘങ്ങളെ അതത് സ്ഥലത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെയും ജില്ലാ സഹകരണ ബാങ്കുകളുടെയും മേൽനോട്ടത്തിൽ പുനരുജ്ജീവിപ്പിക്കുക, പ്രാഥമിക സഹകരണ സംഘങ്ങൾ/ കൺസ്യൂമർഫെഡ് എന്നിവ മുഖേന കൂടുതൽ നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവ തുടങ്ങുവാൻ സഹായം നൽകുക എന്നീ രണ്ട് പുതിയ പദ്ധതികൾക്കു കൂടി നിലവിലുള്ള പദ്ധതികൾക്കു പുറമെ ധനസഹായം അനുവദിക്കേണ്ടതുള്ളതിനാൽ കൂടുതൽ തുക ആവശ്യമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി ആകെ 45 ലക്ഷം രൂപ കൂടി നിലവിലുള്ള വിഹിതത്തിനു പുറമെ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ബാങ്കുകളും സഹകരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഈ വർഷം 2000 നീതി സ്റ്റോറുകളും നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിന്റെ സൂപ്പർവിഷൻ സഹകരണ സ്ഥാപനങ്ങളും ബാങ്കുകളും നടത്തുകയും പർച്ചേസ് കൺസ്യൂമർ ഫെഡുമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും സഹകരണ ആശുപത്രികളുൾപ്പെടെ മെഡിക്കൽ സ്റ്റോറുകൾ നടത്താൻ സന്നദ്ധരായവർക്കൊക്കെ അതിനുള്ള അനുമതി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി വിശദീകരിച്ചു

4425-00-108-68—<u>മറ്റു വിഭാഗത്തിൽപ്പെടുന്ന പലവക സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം - 3,00,00,000 രൂപ (പ്ലാൻ)

5. വനിതാ സഹകരണ സംഘങ്ങൾ, വിദ്യാഭ്യാസ സഹകരണ സംഘങ്ങൾ, പലവക സഹകരണ സംഘങ്ങൾ എന്നിവയ്ക്കും, കേരളത്തിലുടനീളം വിപുലമായ ശൃംഖലയുള്ളതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ സഹകരണ സ്ഥാപനങ്ങളിൽ കൂടി വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖലയിലുള്ള എല്ലാ താലൂക്ക്, ജില്ലാ ആശുപത്രികളിലും മെഡിക്കൽ ലബോറട്ടറീസ്/ബ്ലഡ് ബാങ്ക് എന്നിവ ആരംഭിക്കുന്നതിനും ഓഹരി മൂലധന സഹായം അനുവദിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമാണെന്ന് വിലയിരുത്തിയ സമിതി ഈ ഇനത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 60 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശിപാർശ ചെയ്യു.

2425-00-108-42—പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനുള്ള സഹായം

ബഡ്ജറ്റ് വിഹിതം : 9,48,00,000 രൂപ (പ്ലാൻ)

4425-00-108-34

ബഡ്ജറ്റ് വിഹിതം : 2,52,00,000 രൂപ (പ്ലാൻ)

6. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ നിലവിലുള്ള പദ്ധതികൾക്കു പുറമെ പുതിയ പദ്ധതികളായ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി സഹകരണ ആശുപത്രിയുമായി ചേർന്ന് നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ സംരക്ഷണ പദ്ധതിക്കും കേരള എസ്.സി./എസ്.ടി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിൽ പേറ്റന്റ് ലഭിച്ച മരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ ഉല്പാദനത്തിനായും സഹായധനം ഉറപ്പാക്കേണ്ടതുണ്ട്. കൂടാതെ ലാഭത്തിൽ പ്രവർത്തിച്ചു വരുന്ന എസ്.സി./എസ്.ടി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ധനസഹായവും അനുവദിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. എന്നാൽ ഇതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകങ്ങളിലായി യഥാക്രമം 6.7 കോടി രൂപയും 1.78 കോടി രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ എസ്.സി/എസ്.ടി. സൊസൈറ്റികളിൽ പത്തെണ്ണം ഒഴികെ ബാക്കിയെല്ലാം നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നതെന്നും ഇത് ഒഴിവാക്കുന്നതിനായി ഐ.സി.ഡി.പി. വഴി പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾക്ക് മാത്രമായി ഈ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു മാനേജീരിയൽ ഇൻപുട്ട് നൽകാൻ ഉദ്ദേശിക്കുന്നതായും അഞ്ചുവർഷം ഇപ്രകാരം മാനേജീരിയൽ എക്സ്പെർട്സിന്റെ മേൽനോട്ടത്തിലും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ഈ സംഘങ്ങളെ സുസ്ഥിര വികസന പാതയിലെത്തിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നതായും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു

ആയുർധാര ഉത്പാദന യൂണിറ്റിന്റെ കാര്യം വളരെ ഗൗരവത്തിലെടുക്കേണ്ടതാണെന്നും നാല് മരുന്നുകൾക്ക് പേറ്റന്റുള്ള ഒരു സ്ഥാപനവും കേരളത്തിലില്ലെന്നും കൂടാതെ മൂന്നൂറിലധികം മരുന്നുകൾ ഉല്പാദിപ്പിക്കുന്ന ഈ സ്ഥാപനം കഴിഞ്ഞ രണ്ട് മൂന്ന് വർഷക്കാലമായി ഉല്പാദനം നിലച്ച് തകർച്ചയിലായ അവസ്ഥയിലാണെന്നും ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് അധിക തുക ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിച്ചു

എല്ലാ ഇൻഫ്രാസ്ട്രക്ച്ചറും സൗകര്യങ്ങളും തൃശ്ശൂരിൽ രണ്ടേക്കറോളം സ്ഥലവുമുള്ള ഈ സ്ഥാപനത്തിന് നല്ല മാനേജ്മെന്റാണ് ആവശ്യമുള്ളതെന്നും ധനകാര്യവകുപ്പിൽ നിന്നും അധിക തുക ലഭ്യമാക്കുന്നതിന് ശ്രമിക്കാമെന്നും ഇപ്രാവശ്യവും ആയുർധാരയ്ക്ക് വേണ്ടി ഒരു റീ അപ്രോപ്രിയേഷൻ നൽകിയിട്ടുണ്ടെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം

ബഡ്ജറ്റ് വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

7. പ്രൊഫഷണൽ വിദ്യാഭ്യാസ സഹകരണ അക്കാഡമിയുടെ കീഴിലുള്ള മുട്ടത്തറ എഞ്ചിനീയറിംഗ് കോളേജിൽ അക്കാഡമിക് ബ്ലോക്ക് 3, ലേഡീസ് ഹോസ്റ്റൽ, ആറൻമുള എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ, അക്കാഡമിക്ക് അഡ്മിനിസ്റ്റേറ്റീവ് ബ്ലോക്കുകളുടെ വൈദ്യുതീകരിക്കൽ, കിടങ്ങൂർ എഞ്ചിനീയറിംഗ് കോളേജിൽ ലേഡീസ് ഹോസ്റ്റൽ, വടകര എഞ്ചിനീയറിംഗ് കോളേജിലെ ലേഡീസ് ഹോസ്റ്റൽ, എം.സി.എ. കെട്ടിടം എന്നിവയുടെ വൈദ്യുതീകരിക്കൽ, തലശ്ശേരി എഞ്ചിനീയറിംഗ് കോളേജിൽ ഡിപ്പാർട്ട്മെന്റ് ബ്ലോക്ക് 5-ന്റെ വൈദ്യുതീകരിക്കൽ എന്നിവയ്ക്ക് ധനസഹായം നൽകുന്നതിനായി നിലവിൽ വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 15 കോടി രൂപ ഈയിനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പഠിച്ചിറങ്ങിയാൽ ജോലി സാധ്യതയില്ലാത്തതുൾപ്പെടെ ധാരാളം പ്രശ്നങ്ങൾ എഞ്ചിനീയറിംഗ് സെക്ടറിൽ നിലനിൽക്കുന്നുണ്ടെന്നും എഞ്ചിനീയറിംഗ് വിഭാഗത്തിൽ കുട്ടികൾ കുറയുന്നതിനാൽ ഈ മേഖല നഷ്ടത്തിലേക്ക് പോകുന്ന സാഹചര്യമുണ്ടെന്നും ആയതിനാൽ സ്കിൽ ഓറിയന്റായ കോഴ്സുകൾക്ക് പ്രാധാന്യം നൽകുകയും കേപ്പിന്റെ ഭാഗമായി ആരംഭിക്കുകയും ചെയ്താൽ ഈ മേഖലയെ നിലനിർത്താൻ സാധിക്കുമെന്ന് സമിതി വിലയിരുത്തി.

എഞ്ചിനീയറിംഗ് കോളേജിലെ കുട്ടികൾ പഠിച്ചിറങ്ങുമ്പോൾത്തന്നെ ബെറ്റർ എംപ്ലോയബിൾ ആകാൻ വേണ്ടി ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം പോലെയുള്ള സ്കീമുകളുമായി ടൈ-അപ് ചെയ്ത് ഇത്തരം കോഴ്സുകൾ നടത്തുന്നുണ്ടെന്നും ഇപ്രാവശ്യം ഒരു ജോബ് ഫെയർ നടത്തിയെന്നും എല്ലായിടത്തും ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു.

CAPE-ന്റെ എഞ്ചിനീയറിംഗ് 35% സീറ്റുകളും വേക്കന്റാണെന്നും അതുകൊണ്ട് 10% സീറ്റുകൂടി മെറിറ്റ് സീറ്റാക്കിയെന്നും മെറിറ്റ് സീറ്റിൽ കുട്ടികളെ കിട്ടിയാൽ വിദ്യാർത്ഥികളുടെ എണ്ണം കൂടുമെന്നും ഇപ്പോൾ വിജയശതമാനം 60-70 വരെ വരുന്നുണ്ടെന്നും സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

സ്കിൽ അക്വിസിഷൻ പ്രോഗ്രാം കോളേജുകളിൽ നടപ്പിലാക്കുന്നതിന് പ്രൊവിഷണൽ കോഴ്സുകൾ മാത്രമേ ഈ കോളേജുകളിൽ പഠിപ്പിക്കാവൂ എന്ന ഭരണഘടനാപരമായ തടസ്സം നിലനിൽക്കുന്നുണ്ടെന്നു മനസ്സിലാക്കിയ സമിതി ഇത് മാറ്റാൻ കേപ്പിന്റെ ബൈലായിൽ ആവശ്യമായ അമെന്റ്മെന്റ് വരുത്തണമെന്ന് നിർദ്ദേശിച്ചു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾ

### എൻ.സി.ഡി.സി. പദ്ധതികൾ

4425-00-108-71—പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ സംയോജിത വികസനം

ബഡ്ജറ്റ് വിഹിതം : 11,00,00,000 രൂപ (പ്ലാൻ)

6425-00-108-74—സംയോജിത സഹകരണ വികസന പദ്ധതി (എൻ.സി.ഡി.സി. സഹായം)

ബഡ്ജറ്റ് വിഹിതം : 12,75,00,000 രൂപ (പ്ലാൻ)

8. ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെയുള്ള സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.)യുടെ തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഓഹരി, വായ്പ ശീർഷകങ്ങളിലായി 13.25 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

## ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

### പദ്ധതിയിനങ്ങൾ

2425-00-108-47—പ്രൊഫഷണൽ എഡ്യൂക്കേഷനുവേണ്ടിയുള്ള അക്കാഡമികളുള്ള ധനസഹായം (CAPE)

ബഡ്ജറ്റ് വിഹിതം : ഇല്ല

9. 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പൊതുചർച്ചയുള്ള മറുപടി പ്രസംഗത്തിൽ CAPE-ന് കീഴിൽ പ്രവർത്തിക്കുന്ന പുന്നപ്ര സാഗര ആശുപത്രിയുടെ പുനരുദ്ധാരണങ്ങൾക്ക് 2 കോടി രൂപ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ കാത്ത് ലാബ് ഉൾപ്പെടെയുള്ള മികച്ച ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റികൾ ഏർപ്പെടുത്തിയിട്ടുള്ള ഈ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുകയും 2 കോടി രൂപ പദ്ധതിയിനത്തിൽ വകയിരുത്തണമെന്ന് ശിപാർശ ചെയ്യുകയും ചെയ്യു.

പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്‌വെയർ/കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് സഹായം (പ്ലാൻ)

ബഡ്ജറ്റ് വിഹിതം : ഇല്ല

10. 2017-18 വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ ഏകീകൃത സോഫ്റ്റ്വെയർ/കോർ ബാങ്കിംഗ് നടപ്പിലാക്കുന്നതിന് കേന്ദ്ര ബഡ്ജറ്റ് വിഹിതമായി 1900 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ ബാങ്കുകൾക്ക് സംസ്ഥാന വിഹിതമായി 19.5 കോടി രൂപ ഇതിനായി വകയിരുത്തേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തി. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പൊതുചർച്ചയുള്ള മറുപടി പ്രസംഗത്തിൽ 5 കോടി രൂപ ഈയിനത്തിൽ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ/കോർ ബാങ്കിംഗ് നടപ്പാക്കുന്നതിനായി പുതിയ ശീർഷകം അനുവദിച്ച് പദ്ധതിയിനത്തിൽ 19.5 കോടി രൂപ വകയിരുത്തണമെന്ന് നിർദ്ദേശിച്ചു.

<u>പദ്ധതിയേതരയിനങ്ങൾ</u>

2425-00-004-97—<u>ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കുകളെയും ഒറ്റ ബാങ്കായി ലയിപ്പിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്ന കമ്മിറ്റിക്കുള്ള സഹായം</u>

ബഡ്ജറ്റ് വിഹിതം : 1,00,000 രൂപ (നോൺ പ്ലാൻ)

11. കേരള സംസ്ഥാന സഹകരണ ബാങ്കും 14 ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് "കേരള സഹകരണ ബാങ്ക്" രൂപീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾക്കായി വയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാൽ 39 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-107-72-33—<u>ഉത്തേജന പലിശ ഇളവ് പദ്ധതി</u>

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

12. 2011-12 സാമ്പത്തിക വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി 32 കോടി രൂപ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നുവെങ്കിലും 2017-18-ലെ ബഡ്ജറ്റ് വിഹിതമുൾപ്പെടെ നാളിതുവരെ 8 കോടി രൂപ മാത്രമാണ് അനുവദിച്ചതെന്ന് സമിതി മനസ്സിലാക്കി. തുടർ പദ്ധതിയായതിനാൽ ഈ ഇനത്തിൽ 24 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പല സഹകരണ സംഘങ്ങളും വായ്പ നൽകാത്തതു കാരണം ഗവൺമെന്റിന്റെ പ്ലാൻ ഫണ്ട് കിട്ടാത്ത അവസ്ഥയുണ്ടെന്നും ഇത് പ്രൈമറി സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്തിട്ടുള്ള കർഷകർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നെന്നും ഹരിത കേരളം

പോലെയുള്ള പദ്ധതികൾ, നിലവിൽ വരുന്ന അവസരത്തിൽ ഇത് ശരിയായ നടപടിയല്ലെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ ബാങ്കുകൾ ഓൺഫണ്ടിൽ നിന്നും വായ്പക്കെടുത്താൽ മാത്രമേ 2% സബ്സിഡി ലഭിക്കുകയുള്ളുവെന്നും എന്നാൽ തനത് ഫണ്ടിൽ നിന്നും പല സഹകരണ ബാങ്കുകളും വായ്പ നൽകാൻ തയ്യാറാകുന്നില്ലെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2425-00-108-47(31)—പ്രൊഫഷണൽ എഡ്യുക്കേഷനുവേണ്ടിയുള്ള സഹകരണ അക്കാഡമിക്കുള്ള ധനസഹായം (CAPE)

ബഡ്ജറ്റ് വിഹിതം : 4,03,48,000 രൂപ (നോൺ പ്ലാൻ)

13. CAPE-ന് ധനസഹായം നൽകുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ നിന്നും ട്രഷറി ഫിക്സഡ് ഡെപ്പോസിറ്റ് പദ്ധതി നിക്ഷേപം നടത്തുന്നതിനും പ്രസ്തുത നിക്ഷേപ തുകയുടെ 25% ഗ്രാന്റായി CAPE-ന് സർക്കാർ നൽകുന്നതിനും വ്യവസ്ഥയുണ്ടായിരുന്നു. ഈ വ്യവസ്ഥ പ്രകാരം CAPE-ന് ബാക്കി നൽകാനുണ്ടായിരുന്ന 26.1304 കോടി രൂപയിൽ 2017-18-ലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4.0348 കോടി രൂപ കഴിച്ച് ബാക്കി തുകയായ 22.0956 കോടി രൂപ കൂടി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

2425-00-108-80-33—ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള സഹായധനം

ബഡ്ജറ്റ് വിഹിതം : 60,00,00,000 രൂപ (നോൺ പ്ലാൻ)

14. 2017-18 സാമ്പത്തിക വർഷത്തിൽ പൊതു കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ധനസഹായമായി കൺസ്യൂമർഫെഡറേഷന് 150 കോടി രൂപ വകയിരുത്തുന്നതായി ബഡ്ജറ്റ് അവതരണവേളയിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കമ്പോളത്തിൽ അടിക്കടിയുണ്ടാകുന്ന വിലക്കയറ്റം ഒരു പരിധി വരെയെങ്കിലും പിടിച്ചുനിർത്തുന്നതിന് സഹകരണ മേഖലയുടെ ഇടപെടൽ വളരെ അനിവാര്യമാണെന്ന് സമിതി മനസ്സിലാക്കി. ആയതിനാൽ ഉത്സവച്ചന്തകൾ സംഘടിപ്പിക്കുന്നതിന് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായമിനത്തിൽ 60 കോടി രൂപ വകയിരുത്തിയതിനു പുറമെ കൺസ്യൂമർഫെഡറേഷന് പൊതുകമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനായി 150 കോടി രൂപ കൂടി ഈ സാമ്പത്തിക വർഷം അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

സഹകരണ വകുപ്പ് ഇടപെട്ടുകൊണ്ട് സംസ്ഥാനത്ത് അരിയുടെ വിലയിൽ വലിയ വ്യത്യാസം വന്നിട്ടുണ്ടെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെയും കൺസ്യൂമർഫെഡിന്റെയും മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിന് ധനകാര്യ വകുപ്പ് പ്രത്യേകം ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

2425-00-101-95-01—സഹകരണ സർവ്വീസ് പരീക്ഷാ ബോർഡിലെ ജീവനക്കാർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുള്ള സഹായം

പ്രസ്തുത ശീർഷകത്തിൽ അധിക തുക വകയിരുത്തുന്നതിന് സമിതി ശിപാർശയുടെ ആവശ്യമില്ലെന്ന് സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

റീ-അപ്രോപ്രിയേഷൻ ചെയ്യുന്നതിന് നിലവിൽ ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമാണെന്നും ആയത് പ്രകാരം സി.ആർ.എ.ആർ. ഇനത്തിൽ 11 കോടി രൂപ ആവശ്യപ്പെട്ടതിൽ 6 കോടിയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും ബാക്കി തുക കൂടി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നതായും ആയുർധാര, വനിതാ സഹകരണ സംഘങ്ങൾ എന്നിവയ്ക്കായുള്ള റീ-അപ്രോപ്രിയേഷൻ സുഗമമാക്കുന്നതിന് മന്ത്രി തലത്തിലുള്ള ഇടപെടൽ കൂടി വേണമെന്നും കൂടാതെ സഹകരണ മെഡിക്കൽ കോളേജ് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് എറണാകുളം ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിന് നൽകുവാനുണ്ടായിരുന്ന 89 കോടി രൂപ അനുവദിക്കാമെന്ന ധനകാര്യ സെക്രട്ടറിയുടെ ഉറപ്പിന്മേൽ ഉത്തരവിറക്കുകയും എസ്.ഡി.ജി.-യ്ക്ക് അപേക്ഷിക്കുകയും 25 കോടി രൂപ അനുവദിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ടെന്നും ബാക്കി തുക ആരോഗ്യ വകുപ്പിന്റെ ഹെഡിൽ തരാമെന്നും സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

ഉച്ചയ്ക്ക് 12.00 മണിക്ക് യോഗം പിരിഞ്ഞു.

## 29-3-2017-ലെ യോഗനടപടിക്കുറിപ്പ്

ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI, 2017 മാർച്ച് 29-ാം തീയതി, ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '4-എ' സമ്മേളന ഹാളിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗവും ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രിയുമായ ശ്രീ. പി. തിലോത്തമന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങൾ ഹാജരായിരുന്നു:

1. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.
2. ശ്രീ. വി. ജോയി, എം.എൽ.എ.
3. ശ്രീ. മുഹമ്മദ് മുഹസിൻ പി., എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ബിന്ദു, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ബി. റെജി, ഡെപ്യൂട്ടി സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

1. ശ്രീമതി മിനി ആന്റണി, സ്പെഷ്യൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
2. ശ്രീ. മുഹമ്മദ് ഇക്ബാൽ, കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്
3. ശ്രീ. വി. കെ. ബാഹുലേയൻ, അഡീഷണൽ സെക്രട്ടറി, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ്
4. ശ്രീ. രാജേഷ് പ്രകാശ്, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യ വകുപ്പ്
5. ശ്രീ. രതീശൻ, വി., ഡയറക്ടർ, ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പ്
6. ശ്രീ. വേണുഗോപാൽ. കെ., ജനറൽ മാനേജർ, സപ്ലൈകോ
7. ശ്രീമതി ഡാർളി ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ലീഗൽ മെട്രോളജി വകുപ്പ്.

2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXX (ഭക്ഷ്യം), XXVIII (പലവക സാമ്പത്തിക സർവ്വീസുകൾ) എന്നിവയുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി സമിതി ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെപ്പറയുന്ന ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXX-ഭക്ഷ്യം

2408-01-004-99—<u>കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആന്റ് ഡെവലപ്മെന്റ്</u>

ബഡ്ജറ്റ് വിഹിതം : 6,50,00,000 രൂപ (പ്ലാൻ)

1. കേരളത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അന്താരാഷ്ട്ര വിപണിയിൽ മത്സരിക്കാൻ തക്ക ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ പത്തനംതിട്ട ജില്ലയിലെ കോന്നി ആസ്ഥാനമാക്കി 2005-ൽ രൂപീകരിച്ച ഭക്ഷ്യഗവേഷണ വികസന കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഫുഡ് ബിസിനസ്സ് മാനേജ്മെന്റ് സ്കൂൾ സ്ഥാപിക്കുന്നതിനും സംരംഭകത്വ വികസനത്തിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ പരിശീലന പരിപാടിയും വാല്യൂ അഡീഷനും പച്ചക്കറികളുടെയും, പച്ചക്കറി ഇതര ഭക്ഷ്യ വസ്തുക്കളുടെയും ഭക്ഷ്യ സുരക്ഷാ സർവ്വേ നടത്തുന്നതിനും, കോന്നിയിൽ മൂല്യവർദ്ധിത ഭക്ഷ്യ വസ്തുക്കളുടെ കേന്ദ്രം സ്ഥാപിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്കായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 2.4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-101-98-33—റേഷൻ അരിയുടെയും ഗോതമ്പിന്റെയും വിലയിലുണ്ടായ അന്തരം ഫുഡ് കോർപ്പറേഷന് മടക്കിക്കൊടുക്കൽ-സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 730,00,00,000 രൂപ (നോൺ പ്ലാൻ)

2. 2-3-2016 -ലെ സർക്കാർ ഉത്തരവ് പ്രകാരം 2016 ഏപ്രിൽ മാസം മുതൽ എല്ലാ ബി.പി.എൽ., എ.എ.വൈ. കുടുംബങ്ങൾക്കും സൗജന്യമായി അരി നൽകി വരുന്നു. എഫ്.സി.ഐ.-യും സപ്ലൈകോയും റേഷനരി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുമ്പോൾ സബ്സിഡി നൽകുന്ന തുക സംസ്ഥാന സർക്കാർ എഫ്.സി.ഐ.-യ്ക്കും സപ്ലൈകോയ്ക്കും നൽകേണ്ടതുണ്ട്. 2017 ഏപ്രിൽ മുതൽ വാതിൽപ്പടി വിതരണം സപ്ലൈകോയാണ് നടപ്പിൽ വരുത്തുന്നത്. ആയതിനാൽ ഇതിന്റെ ട്രാൻസ്പോർട്ടേഷൻ, സ്റ്റോറേജ് എന്നീ ഇനങ്ങളിലുള്ള ചെലവും വഹിക്കേണ്ടതുണ്ട്. ഈ സാമ്പത്തിക വർഷം സബ്സിഡി ഇനത്തിൽ എഫ്.സി.ഐ., സപ്ലൈകോ എന്നിവയ്ക്കു നൽകുന്നതിനായി 634.4 കോടി രൂപയും റേഷൻ വ്യാപാരികൾക്കു കമ്മീഷൻ നൽകുന്നതിനായി 275.23 കോടി രൂപയും, സംഭരണശാലകളുടെ വാടകയിനത്തിൽ 13.68 കോടി രൂപയും വാതിൽപ്പടി വിതരണവുമായി ബന്ധപ്പെട്ട ഗതാഗത ചെലവിനത്തിൽ 199.66 കോടി രൂപയും ഉൾപ്പെടെ ആകെ 1122.97 കോടി രൂപ വേണ്ടിവരും. എന്നാൽ നിലവിൽ ഈ ഇനത്തിൽ ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 730 കോടി രൂപ അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിലെ വിഹിതത്തിനു പുറമെ 392.97 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-101-96-33—കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷനും മറ്റ് ഏജൻസികളും വഴി നെല്ല് സംഭരിക്കൽ- സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 400,00,00,000 രൂപ (നോൺ പ്ലാൻ)

3. സപ്ലൈകോ നിർവഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സംസ്ഥാനത്തെ നെൽകർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് നിശ്ചിത ഗുണമേന്മ മാനദണ്ഡങ്ങൾക്കനുസൃതമായി കർഷകരിൽ നിന്ന് ഏറ്റെടുത്ത്, സംസ്ഥാനത്തെ ആധുനിക അരിമില്ലുകളിൽ സംസ്കരിച്ച് പൊതുവിതരണ സംവിധാനത്തിലൂടെ വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്യുന്ന ഈ പദ്ധതിയിൽ നെല്ല് സംഭരണത്തിനായുള്ള അടിസ്ഥാന താങ്ങുവില കേന്ദ്രം നൽകുമ്പോൾ പ്രോത്സാഹന ബോണസാണ് ബഡ്ജറ്റ് വിഹിതമായി സപ്ലൈകോയ്ക്ക് നൽകിവരുന്നത്. ബഡ്ജറ്റ് പ്രസംഗത്തിൽ നെല്ല് സംഭരണത്തിനായി 700 കോടി രൂപ അനുവദിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട് (ഖണ്ഡിക 77). എന്നാൽ ഈ ഇനത്തിൽ 400 കോടി രൂപ മാത്രമാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 300 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-101-95-34—അന്ത്യോദയ അന്നയോജന പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഭക്ഷ്യധാന്യങ്ങൾ വിതരണത്തിനെത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ ചെലവും, മറ്റ് ചെലവുകളും-മറ്റ് ചെലവുകൾ

ബഡ്ജറ്റ് വിഹിതം : 30,00,00,000 രൂപ (നോൺ പ്ലാൻ)

4. അന്ത്യോദയ അന്നയോജന പദ്ധതിപ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും പ്രതിമാസം ലഭിക്കുന്ന 20855 മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണവുമായി ബന്ധപ്പെട്ടുള്ള കടത്തു കൂലി, കൈകാര്യച്ചെലവ് മുതലായവ വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്. റേഷൻ മൊത്ത വ്യാപാരികളുടെ കമ്മീഷൻ 23-1-2016-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് പരമാവധി 60 രൂപയായും റേഷൻ ചില്ലറ വ്യാപാരികളുടെ കമ്മീഷൻ 1-1-2015-ലെ ഉത്തരവ് പ്രകാരം ക്വിന്റലിന് 100 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ഈ സാമ്പത്തിക വർഷം ആകെ 39.6 കോടി രൂപ കമ്മീഷൻ ഇനത്തിൽ മാത്രം നൽകേണ്ടതുണ്ട്. ഇതിനുപുറമേ 16.5 കോടി രൂപ മുൻ വർഷത്തെ കുടിശ്ശിക ഇനത്തിലും, കമ്മീഷൻ തുകയിൽ വരുത്തിയ വർദ്ധനവു പ്രകാരം റേഷൻ മൊത്ത വ്യാപാരികൾക്ക് നൽകുവാനുള്ള കുടിശ്ശിക തുകയായ 4 കോടി രൂപയും ഉൾപ്പെടെ ആകെ 60.1 കോടി രൂപ എ.എ.വൈ. പദ്ധതിക്കായി ലഭിക്കേണ്ടതുണ്ട്. ഈ ചെലവുകൾ വഹിക്കുന്നതിന് ബഡ്ജറ്റിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 30.1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2408-01-102-99-33—കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് മാർക്കറ്റ് ഇന്റർവെൻഷൻ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റ് - സബ്സിഡികൾ

ബഡ്ജറ്റ് വിഹിതം : 150,00,00,000 രൂപ (നോൺ പ്ലാൻ)

5. പൊതു വിപണിയിലുണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി 13 ഇനം അവശ്യസാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിൽ സപ്ലൈകോ വില്പനശാലകൾവഴി വിതരണം ചെയ്തുവരുന്നു. അവശ്യ സാധനങ്ങൾക്ക് പുറമേ മരുന്നുകൾ ഉൾപ്പെടെയുള്ള മറ്റ് ഉപഭോക്തൃ താല്പര്യ ഉല്പന്നങ്ങളും ഡിസ്കൗണ്ട് നിരക്കിൽ വിതരണം ചെയ്യുന്നു. കമ്പോള വില നിയന്ത്രിക്കുന്നതിൽ വലിയ പങ്ക് നിർവ്വഹിക്കുന്ന സപ്ലൈകോയുടെ ഇത്തരം വിപണി ഇടപെടൽ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതമായി 150 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ സപ്ലൈകോയുടെ വില്പനശാലകളിൽ നിർണ്ണയിക്കപ്പെട്ട ഇനങ്ങൾക്ക് നിലവിലുള്ള വിലകളിൽ വർദ്ധന വരുത്തുന്നതല്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ സാമ്പത്തിക വർഷം വിപണിയിടപെടൽ പദ്ധതിക്കായി

സപ്ലൈകോയ്ക്ക് 522.12 കോടിയോളം രൂപ ആവശ്യമായി വരും. കൂടാതെ സംസ്ഥാനത്തെ റേഷൻ കടകൾ വഴി റേഷൻ പഞ്ചസാര മൊത്ത വിതരണം നടത്തുന്നതിന് സർക്കാരിന്റെ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോയ്ക്ക് കേന്ദ്ര സബ്സിഡി ഇനത്തിലും റേഷൻ വ്യാപാരികളിൽ നിന്നും ലഭിക്കുന്ന തുകയും കഴിച്ച് അധികമായി വരുന്ന സാമ്പത്തിക ബാധ്യതയ്ക്കായി 158.5 കോടി രൂപയും ആവശ്യമായി വരും. ഇപ്രകാരം ആകെ 680.62 കോടി രൂപ ലഭിച്ചാൽ മാത്രമേ വിപണിയിടപെടൽ പ്രവർത്തനങ്ങൾ വിജയകരമാക്കാൻ സാധിക്കുകയുള്ളുവെന്ന് സമിതി വിലയിരുത്തി. പൊതു കമ്പോളത്തിൽ ഫലപ്രദമായി ഇടപെടുന്നതിനുള്ള ധനസഹായമായി സിവിൽ സപ്ലൈസ് കോർപ്പറേഷന് 200 കോടി രൂപ അനുവദിക്കുന്നതായി ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള (ഖണ്ഡിക 77), സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 530.62 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2408-01-800-89—<u>ഉപഭോക്തൃ ബോധവൽക്കരണ പരിപാടി (പ്ലാൻ) (100% കേന്ദ്രാവിഷ്കൃതം)</u>

ബഡ്ജറ്റ് വിഹിതം : ഇല്ല.

6. സംസ്ഥാനത്തെ ഉപഭോക്തൃ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 30-3-2016-ലെ നമ്പർ K-22/1/2015-pub. പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ച 29,47,484 രൂപയിൽനിന്നും കഴിഞ്ഞ സാമ്പത്തിക വർഷം 5,25,000 രൂപ അനുവദിച്ച നൽകിയിരുന്നു. ടി ശീർഷകത്തിൽ ശേഷിച്ച തുകയായ 24.23 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിൽ അനുവദിച്ച നൽകണമെന്ന് സമിതി ശിപാർശ ചെയ്യു.

3456-00-001-78—<u>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)</u>

ബഡ്ജറ്റ് വിഹിതം : 94,50,00,000 രൂപ (പ്ലാൻ)

7. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയ 94.5 കോടി രൂപയിൽ ഡിപ്പാർട്ട്മെന്റിന്റെ നവീകരണത്തിനും കമ്പ്യൂട്ടറൈസേഷനുമായി വകയിരുത്തിയിട്ടുള്ള 10 കോടി രൂപ കഴിഞ്ഞ് ബാക്കി 84.5 കോടി രൂപയാണ് ഭക്ഷ്യധാന്യ വിതരണവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യം സ്ഥാപിക്കുന്നതിനുള്ള സഹായധനമായി സപ്ലൈകോയ്ക്ക് ലഭ്യമായിട്ടുള്ളത്. എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ആധാർ കാർഡുമായി ബന്ധപ്പെടുത്തിയ സ്മാർട്ട് കാർഡുകൾ നൽകുന്ന പ്രവർത്തനങ്ങൾക്കായി 80 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി മനസ്സിലാക്കുകയും, ആയതിനാൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 80 കോടി രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുകയും ചെയ്യു.

4408-01-101-95—റേഷൻ കാർഡ് പുതുക്കൽ

ബഡ്ജറ്റ് വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

8. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013, സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള റേഷൻ കാർഡുകൾ പുതുക്കുന്നതിനായി 31-3-2016-ലെ സ.ഉ. (കൈ)നമ്പർ 05/2016/ഭ.പൊ.വി.വ. പ്രകാരം 61.6 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ 33 കോടി രൂപ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലായും 12.4542 കോടി രൂപ 2016-17 സാമ്പത്തിക വർഷത്തിലും അനുവദിച്ചിരുന്നു. ശേഷിക്കുന്ന 16.1458 കോടി രൂപ ഈ ഇനത്തിൽ വകുപ്പിന് ലഭിക്കാനുള്ള സാഹചര്യത്തിൽ ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് പുറമെ 15.1458 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നിലവിലുള്ള റേഷൻ കാർഡ് പുതുക്കുന്ന പ്രക്രിയ ഏതാണ്ട് തീരാറായിട്ടുണ്ടെന്നും ഏപ്രിൽ 10-ാം തീയതിയോടുകൂടി കൊല്ലം ജില്ലയിൽ വിതരണം ചെയ്തു തുടങ്ങുമെന്നും മറ്റ് ജില്ലകളിലെ വിതരണം മേയ് 15-നു മുമ്പ് അവസാനിപ്പിക്കാനാകുമെന്നാണ് കരുതുന്നതെന്നും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

റേഷൻ കാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് മൂന്ന് ഘട്ടങ്ങളിലെ സ്റ്റാറ്റ്യൂട്ടറി പ്രോസസ്സ് പൂർത്തിയായെന്നും ആദ്യഘട്ടത്തിൽ ലഭിച്ച 15 ലക്ഷത്തോളം പരാതികൾ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അതിർത്തികളുള്ളിൽ രൂപീകരിച്ച വെരിഫിക്കേഷൻ കമ്മിറ്റികൾ പരിശോധിക്കുകയും 12 ലക്ഷത്തിലേറെ പരാതികളിൽ കഴമ്പുണ്ടെന്ന് കണ്ടെത്തുകയും ചെയ്തു. ജില്ലാ കളക്ടർ ചെയർമാനായുള്ള 14 അപ്പീൽ കമ്മിറ്റികൾക്ക് ലഭിച്ച 50000-ത്തോളം അപേക്ഷകളും തീർപ്പാക്കിയെന്നും ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അന്തിമ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുകയും ഫെബ്രുവരി 8-ാം തീയതിക്കുള്ളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നതും ഗ്രാമസഭകൾ കൂടുമ്പോൾ റിപ്പോർട്ട് ചെയ്യുന്നതുമായ അർഹരുടെയും അനർഹരുടെയും ലിസ്റ്റ് അയച്ചു തരാൻ നിർദ്ദേശിച്ചിരുന്നെന്നും വലിയ വിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഇപ്രകാരം ലിസ്റ്റ് തിരികെ നൽകിയെന്നും അതിൽ അർഹരായവരെയും അനർഹരായി കയറിക്കൂടിയവരെയും പ്രത്യേകമായി കാണിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചൂണ്ടിക്കാണിച്ച പിഴവുകളും ഇതുമായി ബന്ധപ്പെട്ട് മറ്റെന്തെങ്കിലും പരാതികൾ കിട്ടുന്നുണ്ടെങ്കിൽ അവയും പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥർ മാർച്ച് 15-ാം തീയതി മുതൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തുകയാണെന്നും ഇവരുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ലിസ്റ്റിൽ വരുത്തേണ്ട മാറ്റങ്ങൾ എന്തായിരിക്കണമെന്ന രേഖാമൂലമുള്ള

നിർദ്ദേശം വകുപ്പിൽ നിന്നും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുമെന്നും കൂടാതെ ഈ സമയത്ത് ജനറലായി കിട്ടുന്ന പരാതികളും പരിശോധിക്കുമെന്നും ഇത് സംബന്ധിച്ച് എല്ലാ താലൂക്ക് സപ്ലൈ ഓഫീസർമാർക്കും, റേഷനിംഗ് ഇൻസ്പെക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കാര്യക്ഷമതയോടുകൂടി ലിസ്റ്റ് തയ്യാറാക്കുന്നില്ലെന്നും കൂട്ടിച്ചേർക്കേണ്ട ആളുകളുടെ പേര് ചേർക്കാതിരിക്കുകയും ഒഴിവാക്കേണ്ടവരെ ഒഴിവാക്കാതിരിക്കുകയുമാണ് പല സ്ഥാപനങ്ങളും ചെയ്തിട്ടുള്ളതെന്നും സമിതി അഭിപ്രായപ്പെട്ടു.

റേഷൻ സാധനങ്ങൾ ആവശ്യമില്ലെങ്കിലും ഐഡന്റിറ്റി തെളിയിക്കുന്നതിനും മറ്റ് പല ആവശ്യങ്ങൾക്കും റേഷൻ കാർഡ് ആവശ്യമുള്ളവരുണ്ടെന്നും കേന്ദ്രസർക്കാരിന്റെ മാനദണ്ഡപ്രകാരം 1.5423 കോടി പേരാണ് സംസ്ഥാനത്ത് റേഷന് അർഹരായിട്ടുള്ളവരെന്നും ഇതിൽ നിന്നും ഒരാളെ മാറ്റിയാൽ മാത്രമേ മറ്റൊരാളെ ഉൾപ്പെടുത്താനാകുവെന്നും റേഷൻ സാധനങ്ങൾ ആവശ്യമില്ലാത്ത കുടുംബങ്ങൾ അക്കാര്യം അറിയിക്കണമെന്ന് നിർദ്ദേശിച്ചത് പ്രകാരം 39000-ത്തോളം പേർ 'ആവശ്യമില്ല' എന്ന ഡിക്ലറേഷൻ നൽകിയിട്ടുണ്ടെന്നും നിലവിൽ ഓൺലൈൻ പോർട്ടൽ വഴിയും താലൂക്ക് സപ്ലൈ ഓഫീസിൽ നേരിട്ടും ഡിക്ലറേഷൻ സ്വീകരിക്കുന്നുണ്ടെന്നും ഇങ്ങനെ റേഷൻ സാധനങ്ങൾ ആവശ്യമില്ലാത്തവരുടെ വിവരം ശേഖരിക്കുകയാണെങ്കിൽ അത്രയും അർഹതപ്പെട്ടവർക്ക് പ്രയോജനപ്രദമാകുമെന്നും വകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. ആശുപത്രികളിലും മറ്റുമുള്ള ആവശ്യങ്ങൾക്കായി ബി.പി.എൽ. കാർഡാണ് പ്രധാനമായും പരിശോധിക്കുന്നതെന്നും ആയതിനാൽ റേഷൻ സബ്സിഡി നൽകാതെ ആശുപത്രികളിലും മറ്റുമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി മാത്രം ബി.പി.എൽ. കാർഡ് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

കാർഡുകൾ എ.പി.എൽ. എസ്.എസ്.-ൽ നിലനിർത്തിക്കൊടുക്കാമെന്നും ബി.പി.എൽ. കാർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാർഗ്ഗരേഖ അനുസരിച്ചുള്ളതാണെന്നും പുതിയ ക്രമത്തിൽ അതില്ലെന്നും എന്നാൽ നേരത്തെ 'ആശുപത്രി ആനുകൂല്യത്തിന് മാത്രം' എന്ന് രേഖപ്പെടുത്തി എ.പി.എൽ. എസ്.എസ്. കാർഡ് നൽകിയിരുന്നു. ഇത് തുടരുന്നതിന് സർക്കാർ നയപരമായി തീരുമാനമെടുത്താൽ മതിയെന്നും വകുപ്പ് സെക്രട്ടറി അറിയിച്ചു.

അനാഥാലയങ്ങൾക്ക് വിമൻ ആന്റ് ചൈൽഡ് മിനിസ്ട്രിയിൽ നിന്ന് ഫണ്ട് അടച്ചുകൊടുക്കുന്ന സ്കീം ആണുള്ളതെന്നും ഫുഡ് ആന്റ് സിവിൽ സപ്ലൈസ് മിനിസ്ട്രി ഇതിൽ സപ്പോർട്ട് നൽകുന്നില്ലായെന്നും 1607 അനാഥാലയങ്ങളിലായി ഈ സ്കീമിൽ 59000-ത്തിലേറെ അന്തേവാസികൾ അംഗങ്ങളായുണ്ടെന്നും ഇതു കൂടാതെ അനാഥാലയങ്ങൾ,

കറേ ആശുപത്രികൾ, ജയിലുകൾ തുടങ്ങിയവയ്ക്ക് നൽകി വന്നിരുന്ന എ.പി.എൽ. പെർമിറ്റ് നിയമം വന്നതോടുകൂടി കൊടുക്കാൻ പറ്റാത്ത അവസ്ഥ വന്നുവെന്നും ഒരാഴ്ചയ്ക്കുമുമ്പ് ബഹു മുഖ്യമന്ത്രി യോഗം നടത്തി ഇവയ്ക്ക് പെർമിറ്റ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മുൻഗണനേതര വിഭാഗത്തിൽ റേഷൻ വേണ്ടാത്തവരുടെ സേവിംഗ്സ് എടുത്ത് പെർമിറ്റ് കണ്ടിന്യൂ ചെയ്ത് കൊടുക്കാൻ നിർദ്ദേശം തന്നിട്ടുണ്ടെന്നും വകുപ്പ് അത് ചെയ്തു കൊണ്ടിരിക്കുകയാണെന്നും രജിസ്റ്റേർഡ് ഓർഫനേജുകൾക്ക് വേറെ സ്കീമുള്ളതിനാൽ ഈ സ്കീമിൽ ഉൾപ്പെടുന്നില്ലെന്നും വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

എ.പി.എൽ. എസ്.എസ്.നെ ബി.പി.എൽ. ആയി പരിഗണിച്ച് ആശുപത്രികളിൽ ആ പരിഗണന കൊടുക്കണമെന്ന് നിർദ്ദേശിക്കാൻ പറ്റുമോയെന്ന് സമിതി ആരാഞ്ഞതിന് ഇപ്പോൾ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾ ഇല്ലെന്നും പ്രയോറിറ്റി, നോൺ പ്രയോറിറ്റി വിഭാഗങ്ങൾ മാത്രമേ ഉള്ളൂവെന്നും നോൺ പ്രയോറിറ്റിയിൽ സ്റ്റേറ്റ് സബ്സിഡി കൊടുക്കുന്ന 1 കോടി 21 ലക്ഷം ആളുകളുടെ കാര്യം സർക്കാർ നയപരമായി തീരുമാനിക്കേണ്ടതാണെന്നും ബി.പി.എൽ.എ.എ.വൈ. ഉപഭോക്താക്കളായ 97 ലക്ഷം പേർ നേരത്തെ ഈ ആനുകൂല്യം അനുഭവിച്ചുകൊണ്ടിരുന്നെങ്കിൽ ആ സ്ഥാനത്ത് പ്രയോറിറ്റിയിൽ വരുന്ന 154 ലക്ഷം പേർക്ക് ആനുകൂല്യങ്ങൾ ലഭിക്കുകയാണെന്നും നേരത്തെ 178 ലക്ഷം പേരെയാണ് എ.പി.എൽ. വിഭാഗത്തിൽ സ്റ്റേറ്റ് സബ്സിഡി കൊടുത്ത് നിലനിർത്തിയിരുന്നതെന്നും ആ വിഭാഗത്തിലെ 57 ലക്ഷം ആളുകളും കൂടി ചേർന്നാണ് (97+57) 154 ലക്ഷം വരുന്നതെന്നും പിന്നീട് വരുന്ന 121 ലക്ഷം ആളുകൾക്കാണ് ഇപ്പോൾ സബ്സിഡി നൽകുന്നതെന്നും സമിതി ചെയർമാൻ വ്യക്തമാക്കി.

97 ലക്ഷം പേർക്ക് കിട്ടിയിരുന്ന സമ്പൂർണ്ണ റേഷൻ സൗജന്യം നവംബർ 1 മുതൽ 154 ലക്ഷം പേർക്കാണ് നൽകുന്നതെന്ന് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പ് സെക്രട്ടറി അറിയിച്ചു.

സ്റ്റാറ്റ്യൂട്ടറി പ്രോസസ്സ് പൂർത്തിയാക്കി അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച ശേഷം അത് സർക്കാരിന്റെ ഓപ്പൺ ഡോക്യുമെന്റ്സ് ആയിക്കഴിഞ്ഞാൽ പിന്നെ അതിൽ വരുന്ന എല്ലാ പരാതികളും അതത് സമയത്ത് പരിശോധിച്ച് മാറ്റങ്ങൾ വരുത്താൻ വകുപ്പിന് അധികാരമുണ്ടെന്നും ഫീൽഡ് തല പരിശോധന നടത്തുന്നതുമൂലം അനർഹർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവർക്ക് നേരിട്ട് സറണ്ടർ ചെയ്യുന്നതിന് സാഹചര്യമുണ്ടാകുന്നുണ്ടെന്നും കൂടാതെ എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചും അനർഹരെ കണ്ടെത്തുന്നതിന് ശ്രമിക്കുകയാണെന്നും ചെയർമാൻ സമിതിയെ അറിയിച്ചു.

മുൻകാലങ്ങളിൽ റേഷൻ വേരിഫിക്കേഷനുവേണ്ടി എന്യൂമറേറ്റർമാർ വീടുകളിൽ ചെന്ന് വിവരം ശേഖരിക്കുകയായിരുന്നുവെന്നും എന്നാൽ ഇപ്പോൾ വ്യക്തികൾ തന്നെ അപേക്ഷാ ഫോമുകൾ പൂരിപ്പിച്ചു നൽകുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനു വേണ്ടി ഇറക്കിയ സർക്കാർ ഉത്തരവിലെ ക്ലേശഘടകങ്ങൾ വച്ചുതന്നെയാണ് ഈ ഫോമും തയ്യാറാക്കിയിരിക്കുന്നതെന്നും റേഷൻ കടകൾ വഴി വിതരണം ചെയ്ത ഫോമുകൾ കാർഡ് ഉടമകൾ പൂരിപ്പിച്ച് നൽകിയതിനു ശേഷം ഡാറ്റാ എൻട്രി നടത്തിയപ്പോൾ ശ്രദ്ധയിൽപ്പെട്ട പിഴവുകൾ ചൂണ്ടിക്കാട്ടി ഫോമുകൾ തിരിച്ചു നൽകുകയും അവരെക്കൊണ്ട് വെരിഫൈ ചെയ്യിക്കുകയും ചെയ്തിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി വിശദീകരിച്ചു.

ഇതിൽ വന്നിട്ടുള്ള ആശയക്കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് ജില്ലാതലത്തിൽ അദാലത്തുകൾ സംഘടിപ്പിച്ച് ജനങ്ങൾക്ക് ബോധവൽക്കരണം നൽകണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

4408-02-101-99—ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനുള്ള സഹായം (സംസ്ഥാന പദ്ധതി)

ബഡ്ജറ്റ് വിഹിതം : 20,00,00,000 രൂപ (പ്ലാൻ)

9. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള വലിയതുറ (തിരുവനന്തപുരം), കൊല്ലം, തിരുവല്ല, കിൻഫ്രയുടെ ഉടമസ്ഥതയിലുള്ള നാട്ടുകാണി, കെ.എസ്.ഐ.ഡി.സി.യുടെ ഉടമസ്ഥതയിലുള്ള വലിയവെളിച്ചം, കിനാലൂർ എന്നിവിടങ്ങളിൽ ഗോഡൗണുകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ സപ്ലൈകോയുടെ ഉടമസ്ഥതയിലുള്ള വലിയതുറ ഗോഡൗൺ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ നടപടികൾ ആരംഭിക്കുകയുമുണ്ടായി. കൊല്ലം, തിരുവല്ല ഗോഡൗണുകളുടെ ഭരണാനുമതിക്കുള്ള നടപടികൾ തുടർന്നുവരുന്നു. ഇതോടൊപ്പം നാട്ടുകാണി, വലിയവെളിച്ചം, കിനാലൂർ എന്നിവിടങ്ങളിൽ ഗോഡൗൺ നിർമ്മാണത്തിനായി സ്ഥലം സപ്ലൈകോയ്ക്ക് ലഭ്യമാക്കുകയോ അല്ലെങ്കിൽ വാടകയ്ക്ക് എടുക്കുവാൻ അനുവദിക്കുകയോ ചെയ്യണമെന്നുള്ള പ്രൊപ്പോസലും സർക്കാരിന്റെ പരിഗണനയിലുണ്ട്. എഫ്.സി.ഐ.യുടെ സയന്റിഫിക് സ്റ്റോറേജ് പ്രിൻസിപ്പിൾസ് അനുസരിച്ച് 5 കോടി രൂപയാണ് ഒരു ഗോഡൗൺ നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തുക. ഇപ്രകാരം മേൽപ്പറഞ്ഞ ആറ് ഗോഡൗണുകൾ നിർമ്മിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ വിഹിതത്തിനു പുറമെ 10 കോടി രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

## ധനാഭ്യർത്ഥന നമ്പർ XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ

3475-00-106-99-05-03—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം - മെട്രിക് സമ്പ്രദായം നടപ്പാക്കൽ - ഓഫീസ് ചെലവുകൾ - ടെലഫോൺ ചെലവ്

ബഡ്ജറ്റ് വിഹിതം : 4,40,000 രൂപ (നോൺ പ്ലാൻ)

10. ഇന്റർനെറ്റ്, ഫാക്സ്, ടെലഫോൺ എന്നിവയ്ക്ക് പുറമേ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥർക്കും CUG SIM നൽകിയിട്ടുള്ളതിനാൽ എല്ലാ വർഷവും 5.02 ലക്ഷം രൂപ ഒടുക്കേണ്ടതുണ്ട്. ആയതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനു പുറമേ 10 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99- 06—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം - മെട്രിക് സമ്പ്രദായം നടപ്പാക്കൽ-വാടക, കരം, നികുതി

ബഡ്ജറ്റ് വിഹിതം : 23,00,000 രൂപ (നോൺ പ്ലാൻ)

11. സ്വകാര്യ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി വകുപ്പിന്റെ ഓഫീസുകളുടെ പ്രതിമാസ വാടകയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക തുക നൽകുന്നതിനായി ഈ ശീർഷകത്തിൽ നിലവിലുള്ള വിഹിതത്തിനു പുറമെ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

3475-00-106-99-26—അളവുകളുടെയും തൂക്കങ്ങളുടെയും ക്രമീകരണം - മെട്രിക് സമ്പ്രദായം നടപ്പാക്കൽ - ഔദ്യോഗിക ഭാഷാ പ്രയോഗം

ബഡ്ജറ്റ് വിഹിതം : 1000 രൂപ (നോൺ പ്ലാൻ)

12. ലീഗൽ മെട്രോളജി വകുപ്പിൽ ഔദ്യോഗിക ഭാഷ നടപ്പിലാക്കുന്നതിന് ഒരു ജില്ലയ്ക്ക് 1000/- രൂപ വീതം ചെലവ് പ്രതീക്ഷിക്കുന്നു. ആയതിന് നിലവിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന് പുറമേ 13000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

മതിയായ ജീവനക്കാരുടെ കുറവും വാഹനങ്ങളുടെ അഭാവവുമാണ് ലീഗൽ മെട്രോളജി വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് പ്രധാന വിലങ്ങുതടികളെന്നും ഇത് കാരണം പരിശോധനകൾ കാര്യക്ഷമവും സമയബന്ധിതവുമായി നടത്താനാകുന്നില്ലെന്നും 14 ജില്ലകളിലേക്കും ഓരോ പുതിയ വാഹനം വീതം വാങ്ങുന്നതിനും നിലവിലുള്ളതും പഴക്കംമൂലം ഉപയോഗയോഗ്യമല്ലാത്തതുമായ വാഹനങ്ങൾ മാറ്റി വാങ്ങുന്നതിനും വർക്കിംഗ് ഗ്രൂപ്പിന്റെയും സബ്ജക്ട് കമ്മിറ്റിയുടെയും ശിപാർശകൾ ഉണ്ടായിരുന്നുവെങ്കിലും ധനകാര്യ

വകുപ്പിൽ നിന്നും ഇതുവരെയും അനുമതി നൽകിയില്ലായെന്നും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നിരവധി പരാതികൾ ലഭിക്കുന്നുണ്ടെങ്കിലും വാഹനമില്ലാത്തതിനാൽ റെയ്ഡ് നടത്താൻ സാധിക്കുന്നില്ലായെന്നും ലീഗൽ മെട്രോളജി വകുപ്പ് കൺട്രോളർ സമിതിയെ അറിയിച്ചു.

അളവ് തൂക്കത്തിലും മറ്റും ക്രമക്കേടുകൾ കാണിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സമയബന്ധിതവുമാക്കേണ്ടതുണ്ടെന്നും ഇതിനായി ഓരോ ജില്ലയ്ക്കും ഓരോ പുതിയ വാഹനം വാങ്ങി നൽകേണ്ടത് അത്യാവശ്യമാണെന്നും അഭിപ്രായപ്പെട്ട സമിതി ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

സമിതി വൈകുന്നേരം 3.30-ന് യോഗം പിരിഞ്ഞു.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.